# H.I.H.S.S EDAVANAKKAD




LITTLE KITES DIGITAL MAGAZINE

# മുഖമൊഴി

മഴത്തുള്ളികളുടെ കൈ പിടിച്ച് , മണ്ണിന് പുതു ജീവൻ
നൽകാൻ പൊട്ടിമുളക്കുന്ന പുൽനാമ്പുകൾ
പോലെ......

അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും , അറിവിന്റെ
ലോകത്തേക്ക് വഴി നയിക്കുന്ന പൊൻ തിരിയായി .......
കുരുന്ന് മനസ്സിന്റെ സർഗാത്മകതക്ക് വെള്ളവും
വളവും നൽകികൊണ്ട് ,
മധുരിതമായ പൂക്കളിൽ നിന്നും ആവോളം
അറിവിന്റെ മധുനുകരാൻ,
പാറിനു കൊച്ചു സാഹിത്യകാരെ പരിചയപ്പെടുത്താൻ ,
കാലത്തെ അടയാളപ്പെടുത്തി , ചരിത്രത്താളുകളിൽ പുതിയ
ചുവടുകൾ പതിപ്പിക്കാൻ ....
കുട്ടിത്തത്തിന്റെ കുസൃതിയുമായി ,,
പുരോഗമനത്തിന്റെ കൊടുമുടിത്തുമ്പിൽ
എത്തിനിൽക്കുന്ന , പുതുതലമുറക്ക്സാങ്കേതികവിദ്യയുടെ
അത്ഭുതവാതിൽ തുറന്നു കൊടുത്ത്
അനന്തമായ വാനം കീഴടക്കാൻ വെമ്പിനിൽക്കുന്ന
കൊച്ചു പട്ടങ്ങളായ ലിറ്റിൽ കൈറ്റ്സിന്റെ അപൂർണ്ണമായ
കൊച്ചു ഡിജിറ്റൽ മാഗസിൻ .......

## ചുവടുകൾ

**അക്ഷരം പഠിപ്പിച്ച ,താങ്ങും തണലുമായി നിന്ന
പ്രിയപ്പെട്ട അദ്ധ്യാപകർക്കായി സമർപ്പിക്കുന്നു ..............**

**എഡിറ്റർ**

# സന്ദേശം


സർവ്വവും വിരൽതുമ്പിലെത്തി നിൽക്കുന്ന ഈ ടെക് യുഗത്തിൽ, ലോകത്തിനുതന്നെ മാതൃകയായ വിവര സാങ്കേതിക വിസ്ഫോടനം കേരളത്തിലെ വിദ്യാഭ്യാസ മേഖലയാകെ പടർത്തുന്നതിൽ കൈറ്റും ലിറ്റിൽകൈറ്റ്സുമൊക്കെ വഹിച്ചുവരുന്ന പങ്ക് നിസ്സീമമാണ്.

അനിമേഷൻ, റോബോട്ടിക്സ്, ഇലക്ട്രോണിക്സ്, സൈബർസെക്യൂരിറ്റി തുടങ്ങിയ വൈവിധ്യമാർന്ന മേഖലകളിൽ നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സവിശേഷമായ പ്രവർത്തനങ്ങളും ശ്രദ്ധപിടിച്ചുപറ്റിയിട്ടുണ്ട്.

കഴിഞ്ഞവർഷം ആദ്യമായി ഇവിടെനിന്നും പുറത്തിറങ്ങിയ 'ഞാറ്റുവേല' എന്ന പേരിലുള്ള ഡിജിറ്റൽ മാഗസിൻ സോഷ്യൽമീഡിയയിലൂടെ വൈറലായതോർമ്മ വരുന്നു. അതിനേക്കാൾ മികവുറ്റ ഒരു ഡിജിറ്റൽ മാഗസിനാണ് ഇത്തവണ പ്രതീക്ഷിക്കുന്നത്.

ഇതിനുപിന്നിൽ പ്രവർത്തിച്ച മുഴുവൻ ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്കും എല്ലാവിധ അഭിനന്ദനങ്ങളും നൽകുന്നു.

സസ്നേഹം



നിസാർ വി കെ

വൈസ് പ്രിൻസിപ്പൽ

# ആശംസകൾ

ഹിദായത്തുൽ ഇസ്‌ലാം ഹയർ സെക്കണ്ടറി സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകരിക്കുന്ന ഡിജിറ്റൽ മാഗസിൻ **'ചുവടുകൾ'** വിദ്യാർത്ഥികളുടെ സർഗാത്മകത വികസിപ്പിക്ക ുന്നതിൽ ആശാവഹമായ പങ്ക് വഹിക്കും എന്ന കാര്യം തീർച്ചയാണ്.നേതൃത്വത്തിനും അണിയറ പ്രവർത്തകർക്കും എല്ലവിധ ഭാവുകങ്ങളും നേരുന്നു.

എൻ.കെ.മുഹമ്മദ് അയ്യൂബ്

മാനേജർ

# ആശംസകൾ

അജ്ഞതയുടെ അന്ധകാരത്തിൽ നിന്ന് വിജ്ഞാനത്തിന്റെ വെളിച്ചത്തിലേക്കുള്ള ഒരു മാർഗ്ഗദീപമായി മാറട്ടെ ലിറ്റിൽ കൈറ്റ്സിന്റെ ഈ കൊച്ചു സംരംഭം. സർവേശ്വരന്റെ എല്ലാ അനുഗ്രഹവുമുണ്ടാവട്ടെ എന്ന പ്രാർത്ഥനയോടെ ആശംസകൾ !

പ്രിൻസിപ്പൽ

കെ.എ. ആബിദ

# ആശംസകൾ

കുട്ടി പട്ടത്തിന് തീർച്ചയായും ഉയരങ്ങൾ കീഴടക്കാൻ കഴിയട്ടെ ...ഒരു നാൾ നാം കണ്ടുമുട്ടുക തന്നെ ചെയ്യും ; വളർന്നു മുന്നേറുന്നവരുടെ കൂട്ടത്തിൽ !!!

ആശംസകളോടെ ....

കെ എ സാജിത്ത്

പി ടി എ പ്രസിഡന്റ്

# ആശംസകൾ

കമ്പ്യൂട്ടർ എന്നത് സാക്ഷരതയുടെ പര്യായമായി മാറിയ കാലഘട്ടത്തിൽ ഡിജിറ്റൽ മാഗസിന്റെ പ്രാധാന്യം പറഞ്ഞറിയിക്കേണ്ടതില്ല .നമ്മുടെ വിദ്യാലയത്തിലെ കമ്പ്യൂട്ടർ വിദഗ്ദരുടെ കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് ഒരുക്കുന്ന ഡിജിറ്റൽ മാഗസിൻ വിദ്യാലയ സർഗാത്മകതയുടെ ഒരു പ്രകാശനമായി മാറട്ടെ എന്നാശംസിക്കുന്നു .

എം എം സഫ്‌വാൻ
സ്റ്റാഫ് സെക്രട്ടറി

## താളുകളിൽ.......


കഥകൾ.....10

രണ്ട് ആട്ടിൻകുട്ടികൾ.....11

ഡയാനയും കരടിയും.....12

പാറു.....13

.....14

ഞാൻ മാവ്.....14

പൂച്ചയും ഈച്ചയും.....15

സ്വർണ്ണ കോടാലി.....16

പഴുത്ത മാങ്ങ.....18

മുത്തശ്ശിമാവ്.....19

സിംഹവും എലിയും.....20

കവിതകൾ.....21

എന്റെ കൊടി.....22

അമ്മേ മാപ്പ്.....23

കുന്നിൻ ചെരിവിലെ.....25

സുഹൃത്ത്.....26

താരങ്ങൾ.....28

നിറം.....29

സത്യം.....30

പൂങ്കാവനം.....32

വേനൽ വന്ന എനിക്ക് പൊള്ളുന്നു.....34

വിരഹം.....35

പുലരി.....36

വിപത്ത്.....38

വിദ്യാലയം.....40

WHAT CAN YOU DO???.....41

പൂമ്പാറ്റ.....42

പാറും പറവകളേ .......പറയൂ.....43

മഴ....44
മഴവില്ല്....45
പൂമ്പാറ്റ....46
പൂന്തോട്ടം....47
ശിശുദിനഗാനം....49
മഹാന്മാരെ ഓർക്കാം....50
ഗാന്ധിജി....51
പ്രചോദനമാണ് "നിക്ക് "....52
എ.പി ജെ അബ്ദുൽ കലാം....57
MAHATMA GANDHI....59
മലാല....62
യാത്രാനുഭവം....68
സ്കൂളിൽ നിന്നൊരു വിനോദയാത്ര....69
തേയില തോട്ടത്തിൻ കുളിരണിഞ്ഞ്....70
വായനാനുഭവം....74
തലമുറകളുടെ കുഞ്ഞുപെങ്ങൾ....75
വായനാനുഭവം....78
Harry Potter and the philosophers stone....81
ലേഖനം....83
ROBOTS....84
വായനയുടെപുതുരൂപം....86
മയിൽ....88
QUOTES....90
QUOTES OF EDUCATION....91
QUIZ....92
ഐ.ടി ക്വിസ്....93
INDIA QUIZ....95
IV C....96
പഴമൊഴികൾ....97
കൃഷി ചൊല്ലുകൾ....98
എൾവിത്തു ഉഴവ് ഏഴരവാൽ....98
പഴഞ്ചൊല്ല്....99
വരകൾ....100

# കഥകൾ



# രണ്ട് ആട്ടിൻകുട്ടികൾ

ഒരു ദിവസം ലുലു എന്ന ആട്ടിൻകുട്ടി പുഴ കടക്കുമ്പോൾ ചിച്ചു എന്ന ആട്ടിൻകുട്ടി ഇക്കരെ കടക്കാൻ നോക്കുകയായിരുന്നു



ലുലു പറഞ്ഞു;ഞാൻ

ആദ്യം കടന്നിട്ട് നീ കടന്നാൽ മതി.അപ്പോൾ ചിച്ചു പറഞ്ഞു;'അതു പറ്റില്ല .ഞാൻ കടന്നിട്ടെ നീ കടക്കാൻ



പാടുള്ളൂ.;രണ്ടുപേരും വാശി പിടിച്ചു .ശീഘ്രം രണ്ടു പേരുടെയും കാൽ തെന്നി പുഴയിൽ വീണു.അങ്ങനെ രണ്ടു പേരും പുഴയിൽ ഒഴുകിപ്പോയി.

ഗുണപാഠം:-പിടിവാശി ആപത്ത്...........

ഇഷാൻ

3:C

# ഡയാനയും കരടിയും

ഒരിടത്ത് ഒരിടത്ത് ഒരു രാജാവും രാജ്ഞിയും ജീവിച്ചിരുന്നു. അവർക്ക് ഒരു സുന്ദരിയായ മകൾ ഉണ്ടായിരുന്നു.അവളുടെ പേര് ഡയാന.അവൾവളരെസങ്കടത്തിൽആയിരുന്നആളുകൾചോദി ക്കുമായിരുന്ന ഡയാന എന്താ ഇത്ര സങ്കടത്തിൽ ഇരിക്കുന്നത് എന്താണ് എന്ന് .എന്നാൽ രാജാവിനോ രാജ്ഞിക്കോ അറിയില്ല മകളുടെ സങ്കടം. അത് കൊണ്ട് രാജാവ് ഒരു കല്പന പുറപ്പെടുവിച്ചു .എന്റെ മകൾ ഡയാനയെ സന്തോഷിപ്പിക്കുന്നവർക്ക് ഒരു സ്വർണ്ണ മാല സമ്മാനം .ഒരു പാട്ടുവാദ്യർ വന്ന് ഓടകുഴൽ വായിച്ചു ,ഒരു മാജിക് കാരി വന്ന് അദ്ഭു തങ്ങൾ കാണിച്ചു ,കോമാളി വന്ന് തമാശ കാണിച്ചു പക്ഷെ ഡയാന ചിരിച്ചില്ല .പിറ്റേ ദിവസം ഒരു ചെറുപ്പക്കാരൻ രാജ്ഞിയുടെ കൊട്ടാരത്തിലേക്ക് വന്നു .അയാളുടെ കൂടെ ഒരു കരടിയും ഉണ്ടായിരു ന്നു ആ കരടി ഡയാനയുടെ അടുത്തു വന്ന് നൃത്തം ചെയുകയും പാട്ടു പാടുകയും തമാശ കാണിക്കുകയും ചെയ്തു .അപ്പോൾ ഡയാന ചിരിച്ചു. ഇത് കണ്ട രാജ്ഞിയും രാജാവും കരടിയുടെ കഴുത്തിൽ സ്വർണമാല ഇട്ടുകൊടുത്തു .




ജൊവാന

4 എ

# പാറു

പാറു പതിവ് പോലെ കിടന്ന് ഉറങ്ങുകയായിരുന്നു. അപ്പോൾ സ്വപ്നത്തിൽ ഒരു ദേവത പ്രത്യക്ഷപ്പെട്ടു. ദേവത ചോദിച്ചു മോൾക്ക് എന്താണ് വേണ്ടത് ?അവൾ പറഞ്ഞു എനിക്ക് ഒരു പാവ വേണം......നല്ല ഭംഗിയുള്ള പാവ.........ദേവത അപ്പോൾത്തന്നെ അവൾക്ക് ഒരു പാവ കൊടുത്തു , ഒരു ചുവപ്പ് നിറമുള്ള പാവ. ദേവത പറഞ്ഞു ;"ഇതൊരു മാന്ത്രിക പാവയാണ് നീ എന്ത് ചോദിച്ചാലും ഇത് തരും" .എന്നിട്ട് ദേവത അപ്രത്യക്ഷമായി .അവൾ പാവയോട് പറഞ്ഞു എനിക്ക് മാല,വള,വിലപ്പെട്ട ആഭരണങ്ങൾ,താമസിക്കാൻ കൊട്ടാരം അതെല്ലാം വേണം .....പാവ അതെല്ലാം സാധിച്ച കൊടുത്തു. അത് കഴിഞ്ഞപ്പോൾ അവൾക്ക് ആഗ്രഹം ,വിമാനത്തിൽ കയറണമെന്ന്. അങ്ങനെ അവൾ ഏഴാം ആകാശം കഴിഞ്ഞപോയി.പെട്ടെന്ന് ഒരു ശബ്ദം ............ധീം അവൾ ഒച്ചയിൽ കരഞ്ഞു. അമ്മെ ഞാൻ വീണു ...................അമ്മയും അച്ഛന് ഓടിവന്നു .എന്താ മോളെ ? ഞാൻ വിമാനത്തിൽ നിന്നും വീണു.അല്ല മേലെ നീ കട്ടിലിൽ നിന്നാണ് വീണത്.അവൾ കണ്ണ് തിരിച്ച ചുറ്റും നോക്കി.ഞാൻ സ്വപ്നത്തിലായിരുന്നോ അമ്മേ!!!!!!!!!



നഫ്‌ല


# ഞാൻ മാവ്



ഞാൻ മാവ് .എന്നെ എല്ലായിടത്തും കാണാം .വിത്ത് മുളച്ചാണ് ഞാൻ ഉണ്ടായത് .എന്റെ അടുത്ത നിറയേ മാമ്പഴമുണ്ട് .മാമ്പഴംകൊണ്ട് പലതരം സാധനകളുണ്ടാക്കാം അച്ചാർ ,ഐസ് ക്രീം ,ജ്യൂസ്,മാങ്ങാഉപ്പിലിട്ടതും ,മുളകിലിട്ടതും ഇവയെല്ലാം മാമ്പഴം കൊണ്ടാണ് ഉണ്ടാക്കുന്നത് .എനിക്ക് നിറയെ ചില്ലകളുണ്ട് .എന്റെ കൊമ്പിൽ കിളികളും കൊക്കുകളും കൂടുകൂട്ടാറുണ്ട് .എന്റെ മാമ്പഴത്തിന് നല്ല രുചിയുണ്ട് എന്റെ ഇലകൾകൊണ്ട് പലതരം കളിപ്പാട്ടങ്ങൾ ഉണ്ടാക്കാം .എന്റെ കൊമ്പിൽ കുട്ടികൾ ഊഞ്ഞാൽ കെട്ടാറുണ്ട് .

-ഹാദിയാബീവി .എ.ൻ

# പൂച്ചയും ഈച്ചയും



ഒരിടത് ഒരിടത് ഒരു പൂച്ചയും ഈച്ചയും ഉണ്ടായിരുന്നു.അവർ നല്ല കൂട്ടുകാരായിരുന്നു.ഒരു ദിവസം അവർക്കു നന്നായിട്ട് വിശന്നു.അപ്പോൾ പൂച്ച പറഞ്ഞു ഞാൻ കുളിച്ചുവന്നിട്ട് നമുക്ക് തിന്നാന്ന് പറഞ്ഞുകൊണ്ട് പൂച്ച കുളിക്കാൻ പോയി.ഈച്ച പറഞ്ഞു ആ ശരി എന്ന്.കുറേനേരംകഴിഞ്ഞിട്ടും പൂച്ച വന്നില്ല.ഈച്ചക്ക് നന്നായിവിശന്നു.ഈച്ച പറഞ്ഞു ഇവനെന്താണ് വരാത്തതെന്ന്.എന്നിട്ടും കുറേനേരം കഴിഞ്ഞു.ഈച്ചക്ക് വിശക്കുന്നു അപ്പോൾ ഈച്ച കഞ്ഞികുടിക്കാന്ന് പറഞ്ഞു.ഈച്ച കഞ്ഞികുടിക്കാൻ പോയപ്പോൾ ഈച്ച കഞ്ഞിയിൽ വീണു.ചൂടുള്ള കഞ്ഞിയിൽ കാൽതെറ്റിവീണ് ഈച്ച മരിച്ചുപോയി. അപ്പോഴാണ് പൂച്ച കുളികഴിഞ്ഞു വന്നത്.പൂച്ച ഈച്ചയെ വിളിച്ചു പക്ഷേ ഈച്ച വിളികേട്ടില്ല.പൂച്ച ഈച്ചയെ കാത്തുനിന്നു. പക്ഷേ ഈച്ച വന്നില്ല.ഈച്ച വന്നു കഴിച്ചോളും എന്ന് പറഞ്ഞു പൂച്ച കഞ്ഞികുടിക്കാൻ പാത്രമെടുത്ത് കഞ്ഞി എടുക്കാൻ പോയി.അപ്പോൾ കഞ്ഞിയിൽ ഈച്ച മരിച്ചു കിടക്കുന്നത് പൂച്ച കണ്ടു.പൂച്ച കരഞ്ഞു പുറത്തേക്ക് പോയി.



# സ്വർണ്ണ കോടാലി_



ഒരിടത്ത് ഒരു ആൺകുട്ടിയും ഒരു പെൺകുട്ടിയും ഉണ്ടായിരുന്നു അവർ വളരെ ദരിദ്രരായിരുന്നു .അവരുടെ അച്ഛനും അമ്മയ്ക്കും ഒരു ജോലിയുമുണ്ടായിരുന്നില്ല .ഒരു ദിവസം അവർ ഇരുവരും പോകാനൊരുങ്ങുമ്പോൾ അമ്മ അവരോട് ചോദിച്ചു ;നിങ്ങൾ എങ്ങോട്ടാണ് പോകുന്നത് ?അവർ പറഞ്ഞു ;പുഴയോരത്ത് പോകുന്നു .അങ്ങനെ അവർ അങ്ങോട്ട് പോയി .കളിച്ചുകൊണ്ടിരിക്കെ ഒരു ഭാഗത്തു നിന്നും ഒരു കിളിയുടെ പാട്ടു കേട്ടു. അവർ ശബ്ദം കേട്ട ഭാഗത്തേക്ക് പോയി. അവിടെ ഒരു ആൽമരത്തിൽ ഒരു മനോഹരമായ കിളിയെ കണ്ടു. എന്ത് ഭംഗിയാണ് ! അതുപോലെ തന്നെ പാട്ടും ! അവർ സ്വയം പറഞ്ഞു. നേരം സന്ധ്യാവറായി അവർ വീട്ടിലേക്കു പോയി. വീട്ടിൽ ചെന്ന് അവർ സംഭവം വിവരിച്ചു. പിറ്റേന്ന് അച്ഛൻ കിളിയെ കാണാൻ അങ്ങോട്ട് പോയി. അപ്പോൾ ഒരു കുടിലിൽ ഒരു വൃദ്ധനെ കണ്ടു. അദ്ദേഹം വെള്ളം ആവശ്യപെടുന്നുണ്ടായിരുന്നു. തന്റെ കയ്യിൽ കരുതിയിരുന്ന വെള്ളം അച്ഛന് വൃദ്ധന് നൽകി. വൃദ്ധൻ അത് വാങ്ങി കുടിച്ചു. തന്നെ സഹായിച്ചതിന്റെ സമ്മാനമായി ഒരു കോടാലി നൽകി. ഒരു സ്വര്ണനിറത്തിലുള്ള കോടാലി ! കോടാലിയുമായി അച്ഛൻ വീട്ടിലേക്കു പോയി. കോടാലി അച്ഛന് വളരെ

ഇഷ്ടമായതിനാൽ തന്റെ സന്തോഷം ഭാര്യയെ അറിയിച്ചു. പിറ്റേന്ന് മുതൽ അച്ഛൻ മരം വെട്ടാനായി കാട്ടിലേക്ക് പോയി . പുഴ വെള്ളം കുടിച്ച് ദാഹം അകറ്റുമായിരുന്നു .മക്കളെ സ്കൂളിലേക്ക് ചേർക്കുകയും സന്തോഷത്തോടെ ജീവിക്കുകയും ചെയ്തു .

# പഴുത്ത മാങ്ങ



പണ്ട് പണ്ട് ഒരുഗ്രാമത്തിൽ ഒരു മുത്തശ്ശിയുടെ വീടുണ്ടായി

രുന്നു.അവിടെ മുറ്റത്ത് ഒരു പഴുത്ത മാങ്ങയുടെ മരം ഉണ്ടായി

രുന്നു.അവിടെ പഴുത്ത മാങ്ങ വീഴുമ്പോൾ അപ്പു മുറ്റത്ത് ചെന്ന് മാങ്ങ എടുത്തു കഴിച്ചു.ഒരിക്കൽ ആ മരത്തിൽ പഴുത്ത മാങ്ങക്ക് പകരം പച്ച മാങ്ങയാണ് വീണത്. അപ്പുവിന് സങ്കടമായി.അവൻ മുത്തശ്ശിയോട് പറഞ്ഞു.മുത്തശ്ശീ....മുറ്റത്ത് പച്ച മാങ്ങയാണ് വീണത്.എന്തു ചെയ്യും?അപ്പോൾ മുത്തശ്ശി പറഞ്ഞു നാളെ മോൻ നോക്കിക്കോ.... നല്ല പഴുത്ത മാങ്ങ ഉണ്ടാവും.മുത്തശ്ശി പറ ഞ്ഞപോലെ ഉണ്ടായി. സന്തോഷമായി.

സിംറ കെ.എസ്

3 C

# മുത്തശ്ശിമാവ്




കുട്ടികളെ എല്ലാവരും കളിച്ച തളർന്നോ ?ഇനി ഇത്തിരി നേരം എന്റെ തണലിൽ വന്നിരുന്നോള്ള .

ഞാൻ നിങ്ങൾക്ക് എന്റെ കഥ പറഞ്ഞു തരാം .ഒരുപാടുകാലം മുമ്പ് , അതാ ആ കാണുന്ന വയലിന്റെ അക്കരെ ഒരു മാവുണ്ടായിരുന്നു .പടർന്നു പന്തലിച്ച നിന്ന ഒരു തേൻമാവ് അതായിരുന്നു എന്റെ അമ്മ .അമ്മമാവിന്റെ ചില്ലയിൽ ഒരു ഉണ്ണിമാങ്ങയുണ്ടായിരുന്നു അതായിരുന്നു ഞാൻ .ഞാൻ മാസങ്ങൾക് ശേഷം മുഴുത്ത ഒരു മാങ്ങയായി .അന്നൊക്കെ എന്നെ കാണേണ്ടതായിരുന്നു മഞ്ഞയും ഓറഞ്ചും കലർന്ന ഉടുത്ത ഒരു മാമ്പഴം .ഞങ്ങൾ കൂട്ടുകാരെല്ലാം കാറ്റിലാടി രസിച്ച .

# സിംഹവും എലിയും



ഒരിടത്ത് ഒരു സിംഹവും എലിയും ഉണ്ടായിരുന്നു. ഒരു ദിവസം എലി തീറ്റ തേടി നടക്കുകയായിരുന്നു.തീറ്റതേടി നടന്ന് നടന്ന് എലി തളർന്നു . അപ്പോൾ ഒരു ഗുഹ കണ്ടു . ഉള്ളിൽ കയറിയപ്പോൾ നിറയെ ഭക്ഷണം . എലി പമ്മി പമ്മി ഭക്ഷണം തിന്നു . അപ്പോൾ ഒരു സിംഹം വന്ന് എലിയെ പിടിക്കാൻ ചാടി വീണു. അപ്പോൾ എലി സിംഹത്തോട് പറഞ്ഞു "രാജാവേ , എന്നെ വെറുതെ വിടണം , രാജാവിന്റെ ഭക്ഷണം ഞാൻ നാളെ തരാം ". രാജാവ് സമ്മതിച്ചു .ആ ദിവസം എലി ഭക്ഷണം കൊണ്ടു വന്നില്ല .സിംഹം എലിയുടെ വീട്ടിൽ പോയി.രാജാവേ എന്റെ കൈയിൽ ഭക്ഷണം ഒന്നുമില്ല.രാജാവിന്റെ മനസ്സ് അലിഞ്ഞു.രാജാവ് പറഞ്ഞു നമുക്ക് സുഹ്രത്തുക്കൾ ആകാം.ശേഷം അവർ സുഹ്രത്തുക്കൾ ആയി.



# കവിതകൾ



# എന്റെ കൊടി

ദൂരെ നിന്ന് പറക്കുന്ന നമ്മുടെ കൊടി
അങ്ങ് ദൂരെ ആകാശത്ത് നിന്ന് പറക്കുന്നു
ചെറു അരുവികൾ നോക്കി നിൽക്കുന്നു
കാണാൻ എന്തൊരു ഭംഗി
ആ മൂന്ന് നിറ കൊടികൾ
എന്റെ പതാകയാണ്
എന്റെ ജീവനാണ്
എന്റെ അഭിമാനമാണ്



-ദഹിയ എ എ
3 സി

# അമ്മേ മാപ്പ്

അമ്മേ മാപ്പ്......!!

എന്തിനെന്നല്ലേ ....?

പാരിനു സത്യവും നീതിയും അഹിംസയും -

മാതൃകയാക്കിയ നിൻ മക്കളിന്ന് പുലമ്പുന്നതറിഞ്ഞില്ലേ .....

നീതിയോ ,സത്യമോ, അതെന്ത് ???

നിന്റെ നാടേത് മതമേത് ജാതിയേത് ?

നിന്റെ വർഗ്ഗമേത് ലിംഗമേത് വർണ്ണമേത് ?

നീ ഏതാണ് എന്താണ് ആരാണ് ?

നിന്റെ ദൈവമേത് ? അന്നമേത് ? ഗ്രന്ഥമേത് ?

നീയേത് .. ഭാരതീയനോ ..........?

ഭാരതമോ ....!??? അത് പണ്ട് ..

ഇന്ന് നീ അടിമ ..അനീതിയുടെ അടിമ ....!

പെണ്ണേ നീയിരുളിൽ എവിടെ പോയി ...?

നിനക്കറിയില്ലേ നീ പെണ്ണാണെന്ന് ...?

നിന്നെയീയിരുളിൽ അവർ ചുട്ടെരിക്കുമെന്ന് ,

വെറുമൊരു ദേഹമായി നിന്നെയവർ കാണുമെന്ന് ,,

നിന്റെ സ്വപ്നങ്ങൾ രാത്രിയുടെയിരുളിലവർ -

കരിച്ച ചാമ്പലാക്കുമെന്ന് ............

നീ കരുതിയോ നിനക്ക്

നീതികിട്ടുമെന്ന് ..........നിന്നമ്മയെപ്പോൽ -

കണ്ണീരിൽ കുളിച്ചൊരായിരം അമ്മമാർകകാട്ടു നീതി പോലും

ലഭിക്കാത്തിടത്താണ് ,

പെറ്റമ്മയെ കാക്കാതെ മൃഗത്തെ കാക്കാൻ -

വാളെടുക്കുന്നവരുടെ ലോകത്തതാണ് ,
ജാതിയുടെ പേരിൽ തമ്മിലടിപ്പിക്കുന്ന -
അധികാരമോഹികളുടെ ലോകത്താണ്,
നീയെന്തു കഴിക്കണമെന്ന് മറ്റൊരാൾ പറയുന്ന-
പാരതന്ത്ര്യ ലോകത്തതാണ് ,
ലഹരിയിലും പുകയിലും മുങ്ങിക്കിടക്കുന്ന -
അജ്ഞതയുടെ ലോകത്താണ് ....,,,

മാപ്പ് മാപ്പ് മാപ്പ് ഭാരതാംബേ മാപ്പ്
ഉള്ളിൽ കത്താനെരിയുന്ന വേദനതൻ
കനലുമായിനിൻ വിരിമാറിൽ തലചായ്ച്-
കൊച്ചു കുഞ്ഞാമു ഞാനർത്ഥിക്കട്ടെ നിന്നോട് മാപ്പ് ,
നിന്നെ കാക്കാൻ നിന്നെ സ്വന്തമാക്കാൻ
നിൻ തിരുനെറ്റിയിൽ സ്വരക്തം ചീന്തിയ നിൻ-
അരുമമക്കളോട്ഞാനർത്ഥിക്കട്ടെ മാപ്പ്,
നിൻ മൂവർണ്ണക്കൊടി നെഞ്ചിലേറ്റി പാരാകെ -
ഉയർത്തിക്കാട്ടി ഭാരതമാണെന്റെയഭിമാനമെന്നുറച്ചുരുളിയ ,
നിന്നോമനകളോട് ഞാനർത്ഥിക്കട്ടെ മാപ്പ് ,
നിൻ നീതിയെ കാട്ടുനീതിയെക്കാൾ നീചമാക്കിയ -
എൻ സോദരങ്ങൾക്കായി ഞാനർത്ഥിക്കട്ടെ മാപ്പ് ,,,
അമ്മേ മാപ്പ് ........

**റിൻസിയ പി എം**

**9 ഇ**

# കുന്നിൻ ചെരിവിലെ



കുഞ്ഞു കുളത്തിൽ
പച്ചവിരിപ്പു പായലുകൾ
കുന്നിൻ ചെരിവിലെ
കുഞ്ഞു കുളത്തിൽ
താമര പൂത്തു ചിരിക്കുന്നു
കുന്നിൻ ചെരിവിലെ
കുഞ്ഞു കുളത്തിൽ
ആമ്പൽ മൊട്ടു കുണുങ്ങുന്നു
കുന്നിൻ ചെരിവിലെ
കുഞ്ഞു കുളത്തിൽ
താമര മുട്ടുകൾ വിരിഞ്ഞല്ലോ

-ആയിഷ ജന്നത്
4 സി

# സുഹൃത്ത്



സുഹൃത്തേ, നീയില്ലാതെ വളരെ
നാളായി
ഞാൻ വീണ്ടും കാണുമ്പോൾ
അതിനെക്കുറിച്ച്
എല്ലാം നിന്നോട് പറയാം ,
നമ്മൾ ആരംഭിച്ച സ്ഥലത്ത്
നിന്ന് വളരെ
ദൂരം നാം എത്തിയിരിക്കുന്നു
ഞാൻ വീണ്ടും കാണുമ്പോൾ
അതിനെക്കുറിച്ച്
തീർച്ചയായും നിന്നോട്
പറയാം
തീർച്ചയായും പറയാം .........

ഹാ , ഞങ്ങൾ അനുഭവിച്ച എല്ലാ നല്ല
കാര്യങ്ങളും ആർക്കറിയാം
ഞാൻ ഇവിടെത്തന്നെ നിന്നോട് സംസാരിച്ചു
നിൽക്കുംവേറൊരു പാതയെ പറ്റി
ഇഷ്ടപ്പെടുന്നുവെന്ന് അറിയിക്കുവാൻ വേണ്ടി ....
പക്ഷേ, അത് നിലനിൽക്കില്ലെന്ന് എന്തോ എന്നോട് പറഞ്ഞു
പക്ഷേ, കഠിനാധ്വാനത്തിന് എന്നെന്നേക്കുമായി

പ്രതിഫലം നൽകുന്ന ദിവസങ്ങളായിരുന്നു
ഇപ്പോൾ ഞാൻ നിന്നെ ഒരു മികച്ച നിലയിൽ കാണുന്നത്

നമുക്ക് ലഭിച്ചതെല്ലാം കുടുംബമാകുമ്പോൾ നമുക്ക്
എങ്ങനെ കുടുംബത്തെക്കുറിച്ച് സംസാരിക്കാൻ കഴിയുക?
ഞാൻ നിന്നിലൂടെ കടന്നുപോയതെല്ലാം എന്റെ അരികിൽ
ഇപ്പോഴും നിൽക്കുന്നു.....
അതെനിക്ക് മറക്കാൻ പറ്റുമെന്ന് നിനക്കു തോന്നുന്നുണ്ടോ?
സുഹൃത്തേ, നീയില്ലാതെ വളരെ നാളായി
ഞാൻ വീണ്ടും കാണുമ്പോൾ അതിനെക്കുറിച്ച്
എല്ലാം നിന്നോട് പറയാം
തീർച്ചയായും പറയാം .........

ഹഫീസ് മുഹമ്മദ്

**9 ഇ**

# താരങ്ങൾ



വീണ്ടടയുന്ന നിലാവൊളിയും
അലതല്ലിട്ടും കടലലയും
അരികിലണയുമി പെൺകൊടിയായ്
ഇരുളിലലിയുമി വെൺതാരം
അണയുകയാണോ അമരുകയാണോ
പുതുമനിരക്കുകയാണോ നീ .........
ഇരുളിൻമടിയിൽ ചാന്തമയങ്ങു......
കുളിരിൻ മകനെ നീ
ഇനിയും വിടരുമോ വിണ്ണിൽ
നിശാഗന്ധിയായ് പാരിജാതമായ്
ഗന്ധമുണർത്തുമോ മണ്ണിൽ
തെളിനീരൊഴുകും പൂഞ്ചോലകളിൽ
മുങ്ങിയുണരുമീ സുന്ദരിയായി
ഒളിക്കണ്ണെറിന്ന മനസ്സിൻ ശോകം
കെടുത്തുകയാണോ ഉർവശി നീയതോ
പാൽത്തിര മറിയും പാലാഴികളിൽ
തിളങ്ങി വിളങ്ങുകയാണോ നീ .......
ഉരസിയലിയുകയാണോ നീ .......

ദേവിക വിനു

**9 C**

# നിറം



കാക്കേ കാക്കേ കുഞ്ഞി കാക്കേ
നിന്നുടെ നിറമേതാണ്?
കുഞ്ഞേ കുഞ്ഞേ കുരുന്നു കുഞ്ഞേ
എന്നുടെ നിറം കറുപ്പാണേ.........

തത്തേ തത്തേ
കുഞ്ഞി തത്തേ
നിന്നുടെ നിറമേതാണ്?
കുഞ്ഞേ കുഞ്ഞേ കുരുന്നു കുഞ്ഞേ
എന്നുടെ നിറം പച്ചയാണേ........




കൊക്കേ കൊക്കേ സുന്ദരി കൊക്കേ
നിന്നുടെ നിറമേതാണ്?
കുഞ്ഞേ കുഞ്ഞേ കുരുന്നു കുഞ്ഞേ
എന്നുടെ നിറം വെള്ളയാണേ........



# സത്യം

ഞാൻ എൻ്റെ ശിരസ്സിൽ എല്ലാ വാക്കുകളും മൊഴിയുന്നു ,
കാര്യങ്ങൾ നടന്ന വഴിയിൽ ഞാൻ ക്ഷീണിതനാണ്
ഞാൻ ക്ഷീണിതനാണ് .
ഞാൻ എന്താകുമെന്നു നിങ്ങൾ കരുതുന്ന ഒരു
കാര്യവും എന്നോട് പറയരുത്........
ഒരു കാര്യവും എന്നോട് പറയരുത് .......

ചെറുപ്പം മുതലേ ഞാൻ തകർന്നുപോയി
എന്റെ ദുഃഖം ജനങ്ങളിലേക്ക് കൊണ്ടുപോയി
കുറച്ചുപേർക്ക് എന്റെ കവിതകൾ എഴുതി കൊടുത്തു ,
അത് എന്നെ നോക്കി, എന്റെ അടുത്തേക്ക് കൊണ്ടുപോയി,
എന്നെ കുലുക്കി, എന്നെ അത് അനുഭവിപ്പിച്ചു
വേദനയിൽ നിന്നുള്ള ഹൃദയവേദനയിൽ നിന്ന് പാടുന്നു,
സിരകളിൽ നിന്ന് എന്റെ സന്ദേശം എടുക്കുന്നു
തലച്ചോറിൽ നിന്ന് എന്റെ പാഠം സംസാരിക്കുന്നു,
അതിലൂടെ ഞാൻ സൗന്ദര്യം കാണുന്നു
എന്നെ പറ്റി നീ ചിന്തിക്കുന്ന ഒരു കാര്യവും
ആരോടും നീ പറയരുത് ...........
നീ പറയരുത് .......


വേദനയിൽ നിന്ന് നിങ്ങൾ എന്നെ വിശ്വാസിയാക്കി
വേദനയിൽ നിന്ന് നിങ്ങൾ എന്നെ തകർക്കുന്നു,

നിങ്ങൾ എന്നിലെ വിശ്വാസിയെ വളർത്തുന്നു,

ഇപ്പോൾ എനിക്ക് തോന്നുന്നു

**ജീവിതം വെറുമൊരു നിസ്സാരമായ സംഭവം എന്ന സത്യം.........**

# പൂങ്കാവനം



ത്യാഗവിസ്മയ രാവിലൂടെ
സന്നാഹങ്ങൾ ഞാൻ ചെയ്തു പോന്നു
പണ്ടം പോൽ പൂക്കൾ വിരിയും
ശബ്ദ മുഖരിതമായ ഗാനങ്ങളും
അൽഭുത പൂർവമാണെൻ പൂങ്കാവനം
അതിൻ ഉന്മാദം നിറഞ്ഞൊഴുകാനായി
വിനയാന്വിതനായ് ഞാൻ കാത്തിരിക്കും
ചെറ്റൽപം ഞാൻ നീങ്ങിയാൽ

പിടയുന്ന മനസ്സുമായ് നനഞ്ഞിടും

മിഴികളുമാണെൻ പൂങ്കാവനം

പൂക്കൾ തൻ സുഗന്ധവും

ഇലയുടെ താളവുമൊരു

കാറ്റായ് തഴുകുമെൻ പൂങ്കാവനം

പൂങ്കാവനത്തിലെ പൂവിനും

പൂമ്പാറ്റയ്ക്കുമിണയായ് മാറുമതിലെ പൂക്കൾ

മിസ്രിയ

ഫാത്തിമ

6 C

# വേനൽ വന്നു എനിക്ക് പൊള്ളുന്നു



ശൈത്യത്തിൻ അന്ത്യമടുത്തു
വേനൽ വന്നു എനിക്ക്
പൊള്ളുന്നമ്മേ....
ഉഷ്ണകാലം സംജാതമായി...
ഭയമാണെനിക്കിന്ന്......കറുപ്പിൻ
കരങ്ങളെ!!
അസഹനീയമാണെനിക്കിത് ....പൊള്ളുന്നമ്മേ.....
പെണ്ണല്ലേ..ഞാൻ അമ്മേ... എന്തുചെയ്യാനാകുമെനിക്ക്...
കത്തുന്ന സ്നേഹവും അടങ്ങാത്ത പകയും
അടക്കിവാണിന്നീ കലിയുഗത്തെ! ആരുണ്ടിവിടെയീ
.....യാതനകേൾക്കുവാൻ
അവനവൻ തൻകാര്യമാദ്യമല്ലേ......
ആവില്ലെനിക്കിന്ന്...ആരോരുമില്ലാതെ...
സൈബർ യുഗത്തിൽ ഞാനേകയാണ്.....
എല്ലാരുമുള്ളോരനാഥനാണ്!!
നിനച്ചിരിപ്പൂ ഞാൻ ഇന്ന്
ക്രൂരനായോരാ മരണമെന്നെ തേടിവന്നിരുന്നു-
വെങ്കിലെന്ന്.....അമ്മയുമില്ലാതെ!!!
സ്ത്രീയേ....നീതിയില്ലെങ്കിൽ നീ തീയാവുക!!!



# വിരഹം

ക്രൂരനായ മരണം എൻ ജീവൻ കൊണ്ടു...
എൻ സ്വപ്നങ്ങൾ ഇന്ന് അവസാനിച്ചു പോയി
ഈണവും രാഗവും താളവും എല്ലാം മറഞ്ഞു പോയ്
എന്റെ ധൈര്യം പൂവിൻ ഇതൾ പോലെ കൊഴിഞ്ഞു
കനവും  നിനവും പോയി എൻ ഉള്ളിൽ ഞാൻ എന്നെ തേടുന്നു
എന്റെ കണ്ണുനീരുകൾ ഞാൻ അറിയാതെ പൊഴിയുന്നു
ഞാൻ അറിയാതെ എന്റെ മനസ്സും അലയുന്നു
ഒരിക്കലും നഷ്ടപ്പെടുത്തരുത് എന്ന് കരുതിയത് ഇന്ന് മറഞ്ഞു
നിലച്ചുപോയിരുന്നുവെങ്കിൽ തിരിച്ചു വരില്ലെന്ന ഉറപ്പെങ്കിലും
പക്ഷെ ഇപ്പോൾ.... മനസ്സിനെ എനിക്ക് തടയാൻ സാധിക്കുന്നില്ല
പൂവിനെ അതിന്റെ തണ്ടിൽ നിന്ന്  കിള്ളുമ്പോലെ
ലഘൂകരമല്ല  സ്നേഹിക്കുന്നയാളെ മറക്കാൻ
ജീവതാളമായ് മാറിയെങ്കിലും നീ പോയതെന്തിന്???
ഇരവും പകലും നീ മാത്രം എന്റെ ഉള്ളിൽ
നീ എന്റെ കൂടെ ഉണ്ടെങ്കിൽ എന്തും എനിക്ക് നേരിടാൻ സാധിക്കും
ആരുമില്ലാതിരുന്ന എനിക്ക് ജീവിതം തന്നത് നീയാണ്
പക്ഷെ നീ എന്തിന് ഒരു നാൾ  മറഞ്ഞു  ഇനി എനിക്ക് ഒരു
ജീവിതമില്ല,സന്തോഷമില്ല ,ദുഃഖം മാത്രം!!!

# പുലരി



പൂമൊട്ടു വിരിയുന്ന പുലരിതൻ നെറുകയിൽ
അണിയുന്ന,പതിയുന്ന സിന്ദൂരമായ്
മണ്ണിന്റെ മക്കൾക്ക് വിഷാദമകറ്റുന്ന
വാനിന്റെ മകനിന്നാഗതനായ്

പുലരിമൊട്ടുകളെന്ന് പൂർവത്തിൽ നിന്നും
പക്ഷിതൻ നാദത്തിൽ അലിഞ്ഞുണരെ
മർമ്മരം ചാർത്തിലകളാൽ തരുക്കളിൽ
മഞ്ഞിൻ കണങ്ങളെ തൊട്ടിലാട്ടി
കളകളം പാടി ഒഴുകുമരുവികൾ
മണ്ണിൻ തീരത്തെ മുത്തമിട്ടു
ഉല്ലാസ ഭരിതരായ് കളികഴിഞ്ഞുണരുന്ന
പക്ഷിതൻ ചിറകടി നാദമിട്ടു
നിറമുള്ള കാഴ്ചകൾ പൊഴിയുന്ന
വഴിവക്കിൽ മലരിൻ കൊടികളെ മുത്തമിട്ട്
മധുവുമായ് ഓടിപ്പറക്കുന്നൊരീച്ചകൾ
ആനന്ദ ആരവം കൂട്ടിടുന്നു

ദേവിക വിനു

*9 C*

# വിപത്ത്



ഉലകിലെങ്ങും ഉല്ലാസമോൽ
വാഴും വീരനായകൻ ഞാൻ
പാരെങ്ങും പല വേഷങ്ങളിലായ്
പ്ലാസ്റ്റിക്കെന്ന വിളിക്കുമെന്നെ
മനുജാ
നീയല്ലേയെന്നുമെന്നെ
മന്നവ സിംഹാസനാരൂഢനാക്കി
ജീവനില്ലിനി ജീവിതവുമില്ല
കൂടെ ഞാനില്ലാതെ നീയറിഞ്ഞു
മഞ്ഞുപോലുരുക്കി നീയെനി-
ക്കെത്ര രൂപങ്ങൾ തീർത്തുതന്നു
പല കുറി നേട്ടങ്ങളുണ്ടാക്കുവാൻ
പല ജന്മങ്ങളെനിക്കു നീട്ടി
പതിറ്റാണ്ടുകളായ് ഞാനൂഴിയിൽ
പറുദീസയിലെന്നപേൽ സുഖിച്ചതല്ലേ
ഇന്നു നീയറിയുന്നു ഞാൻ വിപത്തായ്
നീക്കേണമെന്നെയവനിൽ നിന്നായ്
ഉച്ചകോടികൾ നടത്തുന്നു നീ
ഉച്ചത്തിൽ മുറവിളി കൂട്ടുന്നു നീ
ബദലുകൾ തേടിയുഴറുന്നുവോ?

ബഹുജനം പലവിധം പരത്തുന്നവോ?

എങ്കിലുമതെത്രയ സാദ്ധ്യമെന്ന
ശുഢസ്മിതത്തോടോർക്കുന്നു
എന്നെയീ മണ്ണിൽ നിന്നുമകറ്റീടാൻ
എത്രമേൽ കഷ്ടം അതോർക്കു നിങ്ങൾ !

ബിന്ദു കെ.എ
ഹൈസ്കൂൾ ടീച്ചർ
(സാമൂഹ്യ ശാസ്ത്രം)

എച്ച്.ഐ.എച്ച്.എസ്.എസ്

# വിദ്യാലയം




എന്തു സുന്ദരമാണെൻ വിദ്യാലയം
അറിവുപകരുമെൻ വിദ്യാലയം
പാഠങ്ങൾ ചൊല്ലിത്തരുവാനായി-
സ്നേഹമേറുമെൻ ഗുരുക്കൻമാർ.

ദിയ ഫാത്തിമ
3 C

## WHAT CAN YOU DO???

*WHAT CAN YOU DO???*
*OUR CONSTITUTION IS FALLING DOWN*
*OUR EQUALITY AND FRATERNITY AND*
*LIBERTY AND THE MOST IMPORTANT*
*JUSTICE ARE FALLING DOWN AND OUR*
*CONSTITUTION IS FALLING DOWN……*
*WHAT CAN YOU DO???TELL*
*WHAT IS YOUR OPINION???*
*WHAT IS YOUR DECISION???*
*WHAT YOU KNOW???TELL…*
*WHAT YOU THINK???TELL…*
*WHAT CAN YOU DO???……..*
*I KNOW YOU CAN'T…………*
*I KNOW YOU NEVER DO……*
*I KNOW YOU ARE HELPLESS*
*I KNOW YOU KNOW ALL…….*
*I KNOW YOU ARE IN FEAR…..*

*I KNOW ONE YOU CAN DO……*



# പൂമ്പാറ്റ

പൂമ്പാറ്റേ പൂമ്പാറ്റേ
പാറി നടക്കും പൂമ്പാറ്റേ
വർണ്ണനിറമുള്ള ചിറകുമായി പാറിനടക്കും പൂമ്പാറ്റേ
പൂമ്പാറ്റേ പൂമ്പാറ്റേ
തേൻകുടിക്കാൻ വന്നാട്ടേ
വർണ്ണച്ചിറകുമായി വന്നാട്ടേ
തേൻ കുടിക്കാൻ വന്നാട്ടേ
പൂമ്പാറ്റേ പൂമ്പാറ്റേ
എന്റെ കൂടെ വരാമോ ?
പാടിയും കളിച്ചും വന്നാട്ടേ
തേൻ കുടിക്കാൻ വന്നാട്ടേ



# പാറും പറവകളേ .......പറയൂ

പാറും പറവകളേ...........പറയൂ

വാനിൽ നിന്നും മണ്ണിലേക്ക് വരുമോ നീ ???
എന്തിനാ? എന്നോടാണോ നിനക്ക് പിണക്കം
അതോ! ഈ പാരിനോടോ അതോ
ഈ മരങ്ങളോടോ,ഫലങ്ങളോടോ
അതോ നിന്റെ കൂട്ടുകാരോടോ.....
നിന്നെ പൊറ്റിയവരോടോ !!!
ആരോടാണ് പറയു ആരോട്???
എനിക്ക് അറിയാം നിനക്ക് പറയാനുള്ളത്



മനുഷ്യരോടല്ലേ ...........കഠിനമാണത്
അവർ നിന്നെ കൊല്ലും ........പറയൂ
നിനക്ക് എവിടെ പോകണമ്ന് ...പറയൂ
മധുരമാം ഭൂമിയെ അവർ ഇരവിൻവൃണങ്ങൾ
പോലെ മാറ്റി അല്ലങ്കിൽ അവർ
എതുപോലെ നിന്റയും കണ്ണ് അടയും
പോകൂ കൺമറയുന്നതിന് മുൻപ് പോകൂ .........
പാറും പറവകളെ .....പോകുവിൻ ............

ഗൗരി ലക്ഷ്മി 9E

# മഴ

മഴ മഴ മഴ മഴ മഴ വന്നു.....



മഴ മഴ മഴ മഴ മഴ വന്നു..........
ഇടിയും വലിയൊരു മഴ വന്നു........
മഴ മഴ മഴ മഴ നല്ല മഴ......
മലയുടെ മുകളിലും കുന്നിൻ മുകളിലും
മഴ വന്നു ........
മഴ മഴ മഴ മഴ മഴ വന്നു.........................

സിമ്റ കെ.എസ്
ക്ലാസ്സ്:-3 സി

# മഴവില്ല്

അഴകേറും മഴവില്ലേ
മാനത്തെ കുടില്ലേ
കളഭം ചാർത്തും പൂവല്ലേ
ആകാശത്തിൻ
പൂന്തോപ്പിൽ
ഊഞ്ഞാലാടും മഴവില്ലേ
മാരിവില്ലേ മഴവില്ല്



**-നഫ്ല ഫാത്തിമ**

# പൂമ്പാറ്റ



*പൂമ്പാറ്റേ പൂമ്പാറ്റേ*
*പാറി നടക്കും പൂമ്പാറ്റേ*
*വര്ണ്ണനിറമുള്ള ചിറകുമായി*
*പാറിനടക്കും പൂമ്പാറ്റേ*
*പൂമ്പാറ്റേ പൂമ്പാറ്റേ*
*തേൻകുടിക്കാൻ വന്നാട്ടേ*
*വർണ്ണചിറകുമായി വന്നാട്ടേ*
*തേൻ കുടിക്കാൻ വന്നാട്ടേ*
*പൂമ്പാറ്റേ പൂമ്പാറ്റേ*
*എന്റെ കൂടെ വരാമോ ?*
*പാടിയും കളിച്ചും വന്നാട്ടേ*
*തേൻ കുടിക്കാൻ വന്നാട്ടേ*

# പൂന്തോട്ടം

പൂന്തോട്ടം നല്ല പൂന്തോട്ടം
കിളികൾ പാറുന്ന പൂന്തോട്ടം
പൂവുകൾ വിടരുന്ന പൂന്തോട്ടം
പൂവുകൾ നിറയെ പൂന്തോട്ടം



മൂളി നടക്കും വണ്ടത്തന്മാർ
പാറി നടക്കും പൂമ്പാറ്റകളും

പച്ച വിരിച്ച പുല്ലുകളും
പല നിറമുള്ള പൂവുകളും
ചേർന്നൊരു നല്ലൊരു പൂന്തോട്ടം

HADHIYA BEEVI .A.N

# ശിശുദിനഗാനം

കുഞ്ഞുങ്ങൾക്ക് പ്രിയങ്കരനാവും
നമ്മുടെ സ്വന്തം ചാച്ചാജി




ചാച്ചാജി തൻ ജന്മദിനം
ശിശുദിനമെന്നൊരു സുദിനം
റോസാപ്പൂവിൻ നറുമണവും
വാത്സല്യത്തിൽ പുഞ്ചിരിയും
പകർന്നുനൽകും കുഞ്ഞുങ്ങൾക്കായ്
നമ്മുടെ സ്വന്തം ചാച്ചാജി
നെഹ്റു മൊഴിഞ്ഞു നമ്മോട്
പൂമൊട്ടല്ലോ കുഞ്ഞുങ്ങൾ
നന്മ നിറച്ചു അവരിൽ നിങ്ങൾ
നമ്മുടെ നാടിൻ നന്മക്കായ്

**ഫാസില ഷെജീർ**

# മഹാന്മാരെ ഓർക്കാം





# ഗാന്ധിജി

നമ്മുടെ രാഷ്ട്ര പിതാവാണ് മഹാത്മാഗാന്ധി. രണ്ടു നൂറ്റാണ്ടുകാലം ബ്രിട്ടീഷുകാർ അടിമയാക്കി വെച്ചിരുന്ന ഭാരതത്തിന് സ്വാതന്ത്ര്യം നേടിത്തന്നത് മഹാത്മാഗാന്ധിയാണ്.എല്ലാ ജാതിമതസ്തരെയും ഒന്നുപോലെ കാണുകയും സ്നേഹിക്കുകയും ചെയ്തു ഗന്ധിജിയുടെ മാർഗം അഹിംസയായിരുന്നു. ഒക്ടോബർ 2
ഗാന്ധിജിയുടെ ജന്മദിനമാണ്.അത് ഗാന്ധിജയന്തി
എന്നറിയപ്പെടുന്നു.ആരെയും വാക്കുകൾകൊണ്ട്പോലും വേദനിപ്പിക്കരുതെന്ന് ഗാന്ധിജി നമ്മെ പഠിപ്പിച്ചു .പുഞ്ചിരിക്കുന്ന മുഖവും വട്ടക്കണ്ണാടിയും കൈയിൽ ഊന്നുവടിയും ഉള്ള ഗാന്ധിജിയെ ഞങ്ങൾ ബാപുജി എന്ന് വിളിക്കുന്നു

-ഫസീല ഷെജീർ

# പ്രചോദനമാണ് "നിക്ക് "

നിക്കോളാസ് ജെയിംസ് വ്യുജൻസിക്കിനെ കുറിച്ച് കൂട്ടുകാർ കേട്ടിട്ടുണ്ടോ...? ആസ്ത്രേലിയക്കാരനാണ് നിക്ക്.കൈകളും കാലുകളും ജനിക്കുമ്പോൾ തന്നെ ഇല്ലായിരുന്നു .പെട്രോ അമിലിയാ സിൻഡ്രോം എന്ന അത്യപൂർവ രോഗമാണ് എന്ന് ഡോക്ടർമാർ പറഞ്ഞു.

മറ്റുള്ളവരുടെ സഹായം ഇല്ലാതെ ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥ .ശരിക്കും നിക്കിന് നിരാശയും സങ്കടവും തോന്നി .അവൻ ചുറ്റിലും നോക്കി .എല്ലാവരും സന്തോഷത്തിൽ താൻ മാത്രം വിഷമത്തിൽ.എങ്കിലും നിക്ക് തന്റെ ആത്മവിശ്വാസം കൈവിട്ടില്ല... ധൈര്യം കൈവിട്ടില്ല.......കൈയ്യ്കാലുകൾ ഇല്ലെങ്കിലുംനിക്ക് ....'നിങ്ങളുടെ ജീവിതത്തിൽ അത്ഭുതങ്ങളൊന്നും സംഭവിക്കില്ലെന്ന തിരിച്ചറിയുമ്പോൾ സ്വയം അത്ഭുതമായി മാറുക.'

ലോക പ്രശസ്ത മോട്ടിവേഷനൽ സ്പീക്കർ നിക്കിന്റെ ആത്മകഥയായ 'ലൈഫ് വിതൗട്ട് ലിമിറ്റ്സ്' എന്ന പുസ്തകത്തിലെ ആദ്യ അധ്യായത്തിന്റെ തലക്കെട്ടാണിത്. ഈ വാക്കുകൾ ഇന്ന ലോകത്തോടു പറയാൻ ഏറ്റവും അനുയോജ്യനായ വ്യക്തിയാണ് നിക്കോളാസ് ജയിംസ് വുജിസിക് എന്ന നിക് വുജിസിക്. കാരണം, ജീവിച്ചിരിക്കുന്ന ഒരു അത്ഭുതമാണ് ഇദ്ദേഹംകൈകളും കാലുകളുമില്ലാതെ ജനിച്ച നിക് വുജിസിക് ഇതുവരെ 63 രാജ്യങ്ങൾ സന്ദർശിക്കുകയും പ്രഭാഷണങ്ങളിലൂടെ ലക്ഷക്കണക്കിന് ആളുകൾക്കു പ്രചോദനമായി മാറുകയും ചെയ്തു. സെർബിയയിൽ നിന്ന് ഓസ്ട്രേലിയയിലേക്ക്

കുടിയേറിയ പാസ്റ്റർ ബോറിസ് വുജിസിക്കിന്റെയും നഴ്സായ ദുഷ്ക വുജിസിക്കിന്റെയും മൂത്ത മകനാണ് നിക്.1982 ഡിസംബർ 4 ന് ടെട്രാ അമീലിയ സിൻഡ്രോം എന്ന അസുഖവുമായാണ്അദ്ദേഹം ജനിച്ചത്. തങ്ങളുടെ മകന്റെ ഭാവിയോർത്ത് ആ മാതാപിതാക്കൾ ഏറെ ദുഖിച്ചെങ്കിലും നിക്കിന്റെ പരിചരണതത്തിനും, വളർച്ചയ്ക്കുമായാണ് പിന്നീടുള്ള ജീവിതം അവർ മാറ്റി വച്ചത്. ആരോൺ, മൈക്കിൾ എന്നിങ്ങനെ 2 അനുജന്മാരാണ് നിക്കിനുള്ളത്. കൈകാലുകളില്ലാത്ത മകനെ സാധാരണ കുട്ടികൾക്കൊപ്പം അവർ സ്കൂളിൽ ചേർത്തു.ഒരു അപൂർവ ജീവി എന്ന വിധത്തിലാണ് സഹപാഠികളും പുറംലോകവും അവനെ കണ്ടത്.ഭ്രാന്തനെന്നും അന്യഗ്രഹ ജീവിയെന്നും വിളിച്ച കളിയാക്കി. അപമാനം സഹിക്കാനാകാതെ 10ാം വയസിൽ ആത്മഹത്യയെക്കുറിച്ചുവരെ ചിന്തിച്ചിട്ടുണ്ടെന്നു നിക് പറയുന്നു. എല്ലാ രാത്രിയിലും കിടക്കുന്നതിനു മുൻപ് നിക് പ്രാർഥിച്ചിരുന്നു,ഉണരുമ്പോഴേക്കു തനിക്ക് കൈകാലുകൾ തരണമേയെന്ന്. എന്നാൽ ആ അത്ഭുതം ഒരിക്കലും നടന്നില്ല. ജീവിതത്തിൽ അത്ഭുതങ്ങൾ സംഭവിക്കില്ലെന്നു തിരിച്ചറിഞ്ഞതോടെ നിക് സ്വയം അത്ഭുതമാകാൻ തീരുമാനിച്ചു. തന്റെ ജന്മത്തിന്റെ അർഥം എന്താണെന്നു തിരിച്ചറിയാനാകാതെ വിഷമിച്ച നടന്ന കാലം അദ്ദേഹത്തിന്റെ ജീവിതത്തെ മാറ്റി മറിച്ച ഒരു സംഭവമുണ്ടായി. അന്ന് നിക്കിന് 15 വയസ്. കലിഫോർണിയയിലെ ഒരു പള്ളിയിൽ നിന്ന് ജീവിതാനുഭവങ്ങൾ പങ്കുവയ്ക്കാൻ നിക്കിന് ക്ഷണം ലഭിച്ചു. അവിടെ അദ്ദേഹത്തെ ശ്രവിക്കാനായി ഒരു കുടുംബം എത്തിയിരുന്നു. നിക്കിനെ പോലെ കാലുകളും കൈകളുമില്ലാതെ ജനിച്ച ഡാനിയൽ എന്ന

കുഞ്ഞുമായാണ് അവർ പള്ളിയിൽ എത്തിയത്. ആ കുഞ്ഞിൽ നിക്കതന്നെ കണ്ടു. അവിടെ വച്ച് നിക് വുജിസിക് തന്റെ ജീവിത ലക്ഷ്യം തിരിച്ചറിയുകയായിരുന്നു. അദ്ദേഹം ഒരു പ്രഭാ ഷകനായി മാറി. ജീവിതത്തിന്റെ വെല്ലുവിളികളെ സധൈര്യം നേരിടാൻ സഹായിക്കുന്ന, ആളുകൾക്ക് വലിയ പ്രത്യാശയും, പ്രചോദനവും പകർന്നു നൽകുന്ന ഒരു മോട്ടിവേഷനൽ സ്പീക്കർ.



ഹൈസ്കൂൾ പഠനത്തിനു ശേഷം നിക് ടെറിട്ടറി എജ്യൂക്കേഷനിൽ നിന്ന് ഡിഗ്രി ബിരുദവും ഓസ്ട്രേലിയയിലെ ഗ്രിഫിത് സർവകലാശാലയിൽ നിന്ന് അക്കൗണ്ടിങ് ആൻഡ് ഫിനാൻഷ്യൽ പ്ലാനിങ്ങിൽ ബിരുദവും നേടി.വൈകല്യവുമായി ജനിച്ച ആളുകൾക്കു

പ്രചോദനമേകാൻ 2005 ൽ നിക് 'ലൈഫ് വിതൗട് ലിംബ്സ്' എന്ന സ്ഥാപനം ആരംഭിച്ചു.. 'ആറ്റിറ്റ്യൂഡ് ഈസ് ഓൾട്ടിറ്റ്യൂഡ്' എന്ന മോട്ടിവേഷനൽ സ്പീക്കിങ് കമ്പനി 2007 ൽ തുടങ്ങി.ടെക്സസ് സ്വദേശിയായ കാനേ മിയാഹരെയെ 2012 ൽ നിക് ജീവിത പങ്കാളിയാക്കി. ഇരുവർക്കും 4 കുട്ടികളാണുള്ളത്. ദൈനംദിന കാര്യങ്ങൾ ചെയ്യാൻ അദ്ദേഹത്തിന് ആരുടെയും സഹായം വേണ്ട. ഗോൾഫ് , നീന്തൽ, സർഫിങ്, സ്കൈ ഡൈവിങ് തുടങ്ങി ഒരു സാധാരണ മനുഷ്യന ചെയ്യാൻ സാധിക്കുന്നതെല്ലാം നിക് ചെയ്യും.ലൈഫ് വിതൗട്ട് ലിമിറ്റ്സ്, അൺ സ്റ്റോപ്പബിൾ, ലിമിറ്റ്ലെസ്, സ്റ്റാൻഡ് സ്ട്രോങ് ആൻഡ് ലൗവ് വിതൗട് ലിംബ്സ്' എന്ന സ്ഥാപനം ആരംഭിച്ചു. 'ആറ്റിറ്റ്യൂഡ് ഈസ് ഓൾട്ടിറ്റ്യൂഡ്' എന്ന മോട്ടിവേഷനൽ സ്പീക്കിങ് കമ്പിനി 2007-ൽ തുടങ്ങി.ടെക്സസ് സ്വദേശിയായ കാനേ മിയാഹരെയെ 2012 ൽ നിക് ജീവിത പങ്കാളിയാക്കി. ഇരുവർക്കും 4 കുട്ടികളാണുള്ളത്. ദൈനംദിന കാര്യങ്ങൾ ചെയ്യാൻ അദ്ദേഹത്തിന് ആരുടെയും സഹായം വേണ്ട. ഗോൾഫ് , നീന്തൽ, സർഫിങ്, സ്കൈ ഡൈവിങ് തുടങ്ങി ഒരു സാധാരണ മനുഷ്യന ചെയ്യാൻ സാധിക്കുന്നതെല്ലാം നിക് ചെയ്യും. ലൈഫ് വിതൗട്ട് ലിമിറ്റ്സ്, അൺ സ്റ്റോപ്പബിൾ, ലിമിറ്റ്ലെസ്, സ്റ്റാൻഡ് സ്ട്രോങ് ആൻഡ് ലൗവ് വിത്തൗട്ട് ലിമിറ്റ്സ്, ബി ദ് ഹാൻഡ്സ് ആൻഡ് ഫീറ്റ് എനനീ പുസ്തകങ്ങൾ രചിച്ചു. അദ്ദേഹത്തിന്റെ രചനകൾ മുപ്പതിലേറെ ഭാഷകളിലേക്കു വിവർത്തനം ചെയ്തിട്ടുണ്ട്.യൂ ട്യൂബിൽ അദ്ദേഹത്തിന്റെ ഓരോ വിഡിയോയും ലക്ഷക്കണക്കിനാളുകളാണ്

കാണുന്നത്. സ്വന്തം കഴിവിൽ വിശ്വസിച്ചാൽ നേട്ടങ്ങൾ സ്വന്തമാക്കാം എന്ന് നിക് പ്രസംഗിക്കുകയല്ല, ജീവിച്ചു കാണിക്കുകയാണ്. അതുകൊണ്ടു തന്നെ ഈ 36 കാരന്റെ ജീവിതത്തെ ലൈഫ് വിതൗട് ലിമിറ്റ്സ് എന്നു തന്നെ വിശേഷിപ്പിക്കാം....



# എ.പി ജെ അബ്ദുൽ കലാം




അങ്ങ് തമിഴ് നാട്ടിൽ ഒരു സാധാരണ കുടുമ്പത്തിൽ ജൈനുലബ്ദീനും ആയിഷാമ്മയ്ക്കും 1931 ൽ ഒക്ടോബർ 15 ന് ജനിച്ച ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്ന അവുൽ പക്കീർ ജൈനുലാബ്ദീൻ അബ്ദുൽ കലാം എന്ന എ പി ജെ അബ്ദുൽ കലാം തമിഴ് നാട്ടിലെ രാമേശ്വരത്ത് ഒരു ദരിദ്രകുടുമ്പത്തിൽ ജനിച്ച് ഇന്ത്യയുടെ പ്രതമ പൗരനായി മാറി പാവങ്ങളുടെ പടത്തലവനായി മാറുകയായിരുന്നു. വളരെ സാധാരണ കുടുമ്പത്തിൽ നിന്ന് അതിലേറെ അസാധാരണമായ നേട്ടങ്ങൾ കൈവരിച്ച കലാമിന് ഇന്ത്യാ മഹാരാജ്യത്തെ ശാസ്ത്രലോകം നൽകിയ ഓമനപ്പേര് മിസൈൽ മാൻഓഫ് ഇന്ത്യഎന്നായിരുന്നു .മാനവ കുലത്തെ സ്വപ്നം

കാണാൻ പഠിപ്പിച്ച മഹത് വ്യക്തി .പ്രയാസങ്ങളെ ആസ്വാദ്യകരവാക്കാൻ പഠിപ്പിച്ചു . നിങ്ങൾക്ക് ഒരു സൂര്യനെപ്പോലെ തിളങ്ങണമെങ്കിൽ ആദ്യം സൂര്യനെ പ്പോലെ കത്തിജ്വലിക്കുക ..എന്ന വചനം തന്നെ ആ പ്രതിഭയുടെ ജീവിതാനുഭവങ്ങളുടെ സ്വാധിനത്തിൻ ആഴം പ്രതിഫലിപ്പിക്കുന്നതാണ് .സമൂഹത്തിൻ്റ താഴതട്ടിലുള്ളവർക്ക് എന്നും ഒരു പ്രചോദനമാണ്.2020 ൽ ഇന്ത്യയെ ഒരു വികസി

തരാഷ്ട്രമാക്കി മാറ്റാനുള്ള മാർഗങ്ങളും ദർശനങ്ങളും ഇന്ത്യാ 2020 എന്ന പുസ്തകത്തിൽ അദ്ദെഹം എഴുതിയിരുന്നു.ഒടുവിൽ 2015 ജൂലൈ 27 ന് അദ്ദേഹം മൃതിയണഞ്ഞു.

## MAHATMA GANDHI



Mahatma **Gandhi** was the leader of India's non-violent independence movement against British rule and in **South Africa** who advocated for the civil rights of Indians. Born in Porbandar, India, **Gandhi** studied law and organized boycotts against British institutions in peaceful **forms** of civil disobedience. He was born on 2ndoctober,1862.Mahatma Gandhi was the primary leader of India's independence movement and also the architect of a form of non-violent civil disobedience that would influence the world. Until Gandhi was assassinated in 1948, his life and teachings

inspired activists including Martin Luther King Jr. and Nelson Mandela. Mahatma Gandhi was the leader of India’s non-violent independence movement against British rule and in South Africa who advocated for the civil rights of Indians.Gandhi’s father, Karamchand Gandhi, served as a chief minister in Porbandar and other states in western India. His mother, Putlibai, was a deeply religious woman who fasted regularly.

Young Gandhi was a shy, unremarkable student who was so timid that he slept with the lights on even as a teenager. In the ensuing years, the teenager rebelled by smoking, eating meat and stealing change from household servants. Mohandas Karamchand **Gandhi** is **known** as Mahatma meaning 'Great Soul'. He was an astute political campaigner who fought for Indian independence from British rule and for the rights of the Indian poor. His example of non-violent protest is still revered throughout the world today. Mohandas Karamchand **Gandhi** is **known** as Mahatma meaning 'Great Soul'. He was an astute political campaigner who fought for Indian independence from British rule and for the rights of the Indian poor. His example of non-violent protest is still revered throughout the world today. Indian lawyer, politician, social activist, and writer who became the leader of the nationalist movement against the British rule of India. **Gandhi** focused his attention on Indians while in **South Africa**. He was not interested in politics. This changed after he was discriminated against and bullied, such as by being thrown out of a train coach because of

his skin colour by a white train official. Before leading the Indian freedom movement, **Mohandas** Karamchand **Gandhi** used to live in **South Africa** to fight against injustice and class division. ... **Gandhi** arrived in Durban aboard SS Safari in 1893. In no time, **Gandhi** became the leader of the **South African** Indian community

**GOURI LAKSHMI**
**9 E**

# മലാല

ആരാണ് മലാല? മലാല യൂസഫ്സായ് എന്ന പെൺകുട്ടിയുടെ ജീവിതം മാറിമറിഞ്ഞത് ഈയൊരു ചോദ്യത്തിനു ശേഷമായിരുന്നു മലാലയെ അറിയാത്തവർ ആരുമുണ്ടാകില്ല . പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായി ഭീകരസംഘടനയായ താലിബാനുനേരെ ഉറച്ച മനസ്സോടെ ഉറച്ച ശബ്ദത്തോടെ അവൾ പ്രതികരിച്ചപ്പോൾ മാറിമറിഞ്ഞത് ഇത് ഒരു സമൂഹം തന്നെയാണ് .

മേവന്ദിലെ മലാല ; പഷ്ത്തൂൺ കവയിത്രിയും യോദ്ധാവുമായിരുന്ന ആ ധീരവനിതയെ കുറിച് കേൾക്കാത്തവർ ആരുമുണ്ടാകുകയില്ല സ്വാത്ത് താഴ്വരയിൽ മലാലയെ പോലെ ആകണമെന്ന് ആഗ്രഹിച്ച കൊണ്ടാണ് സ്വാത്തിലെ ഓരോ പെൺകുട്ടിയും വളർന്നു തുടങ്ങുക .അതുകൊണ്ട് തന്നെയാവാം കവിയും വിദ്യാഭ്യാസ പ്രവർത്തകനുമായ സിയാവുദ്ധീൻ തനിക്ക് പിറന്ന പെൺകുഞ്ഞിന് മലാല എന്ന് പേര് കൊടുത്തത് . പിതാവിന്റെ ഗോത്ര പ്പേരു കൂടിയായപ്പോൾ അവൾ മലാല യുസുഫ്സായ് ആയി . 1997 ജൂലായ് 12 ആയിരുന്നു അവളുടെ ജനനം. മേവന്ദിലെ മലാല സ്വത്തിന്റെ ധീര വനിതയായിരുന്നെങ്കിൽ മലാല ലോകത്തിന്റെ തന്നെ ധീരവനിതയായിരുന്നു .

മലാലയുടെ ജീവിതം മാറിമറിയാൻ തുടങ്ങിയത് 2008 ൽ ആയിരുന്നു ,താലിബാൻ എന്ന ഭീകര സംഘം

പാക്കിസ്ഥാനികളുടെ ജീവിതത്തിലേക്ക് നുഴഞ്ഞു കയറാൻ തുടങ്ങിയ വർഷം . അവർ പാക്കിസ്ഥാനികളുടെ സ്വാതന്ത്ര്യത്തെ പിടിച്ചു വച്ചു . അവർ സിനിമയും ഡിവിഡിയും നിരോധിച്ചു ,കൂടെ പെൺകുട്ടികളുടെ വിദ്യാഭ്യാസവും .വെറും പതിനൊന്ന് വയസ്സുള്ള കൊച്ചുമലാലയെ അത് വല്ലാതെ അലട്ടി . കുഞ്ഞാണെങ്കിലും അവൾവിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസ്സിലാക്കിയിരുന്നു . വിദ്യാഭ്യാസമില്ലെങ്കിൽ താനെങ്ങനെ ആഗ്രഹം പോലെ ഡോക്ടർ ആകുമെന്ന് ആ കുട്ടി വ്യാകുലതപ്പെട്ടു .ആരും തന്നെ താലിബാന്റെ ഈ വിധിക്ക് എതിര് പറഞ്ഞില്ല പറഞ്ഞാൽ നടവഴിയിൽ തലയറ്റു കിടക്കുന്ന തങ്ങളുടെ സോദരങ്ങളുടെ അവസ്ഥ തങ്ങൾക്കും വരുമെന്ന് അവർ ഭയപ്പെട്ടു . എന്നാൽ ,വിദ്യാഭ്യാസത്തിനു വേണ്ടി കൊതിക്കുന്ന ഒരു കൊച്ചു പെൺകുട്ടി അവർക്കെതിരെ വിരൽ ചൂണ്ടി-മലാല

2009 ന്റെ തുടക്കത്തിലായിരുന്നു അത് ,, അതിപ്രസിദ്ധമായ മാധ്യമമായ ബി ബി സിയുടെ പാക്കിസ്ഥാനി ലേഖകൻ അബ്ദുൽ ഹൈ കക്കാർ മലാലയുടെ പിതാവിനെ സമീപിച്ചു . സ്വാത്തിലെ ഏതെങ്കിലും പെൺകുട്ടിയെ കൊണ്ട് താലിബാന്റെ നീച കൃത്യങ്ങൾ എഴുതിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഉദ്ദേശം . പല പെൺകുട്ടികളെയും സമീപിച്ചുവെങ്കിലും ഒരു മാതാപിതാക്കളും തങ്ങളുടെ കുട്ടിയെ താലിബാനെതിരെ എഴുതിപ്പിക്കാൻ ധൈര്യം കാട്ടിയില്ല . അങ്ങിനെ ,തന്റെ ഏഴാം ക്ളാസിൽ പഠിക്കുന്ന കുഞ്ഞു മകളെക്കൊണ്ട് എഴുതിപ്പിക്കുവാൻ സിയാവുദീൻ തീരുമാനിച്ചു .അങ്ങിനെ ഗുല്മക്കായി എന്ന അപരനാമത്തിൽ മലാല താലിബാനെതിരെ പേനയെടുക്കാൻ തുടങ്ങി . ചോളപ്പൂവ് എന്നാണ് ഗുല്മക്കായിയുടെ അർഥം.

ജനുവരി മൂന്നിന് മലാലയുടെ ബ്ലോഗിലെ ആദ്യ പോസ്റ്റ് പുറത്തിറങ്ങി .അവളുടെ വാക്കുകളിലൂടെ ലോകം താലിബാന്റെ നയങ്ങൾ തിരിച്ചറിഞ്ഞു 2009 മാർച്ച് 21 ന് മലാലയുടെ ബ്ലോഗ് കുറിപ്പുകൾ അവസാനിച്ചു .അപ്പോഴേക്കും മലാലയാണ് ഗുല്മക്കായി എന്ന രഹസ്യം പുറത്തായിരുന്നു .

2012 ഒക്ടോബർ 9 മലാലയെന്ന പതിനാറു കാരിക്ക് പരീക്ഷയായിരുന്നു അന്ന് .ഏറെ കാലം സ്കൂൾ പൂട്ടിത്തുറന്നതിനു ശേഷമുള്ള ആദ്യ പരീക്ഷ .നന്നായി പഠിച്ചിരുന്ന മലാലയ്ക്ക് ആ പരീക്ഷ വളരെ എളുപ്പമായിരുന്നു എന്നാൽ ജീവൻ പിടിച്ചു പറിക്കുന്ന അതികഠിനമായ മറ്റൊരു പരീക്ഷയാണ് താൻ നേരിടാൻ പോകുന്നതെന്ന് അവൾ കരുതിയില്ല .ര

സ്കൂൾ ബസ്സിൽ കൂട്ടുകാരായ കൈനത് റിയാസ് ഷാസിയ റംസാൻ എന്നിവരോടൊത് സന്തോഷത്തോടെ മെടങ്ങും വഴി പെട്ടെന്നാണ് വാൻ നിന്നത് തലപ്പാവിന്റെയറ്റം കൊണ്ട് മുഖം മറച്ചു തുക്ക് ധാരിയായ ഒരു താടിക്കാരൻ വാനിലേക്ക് കയറി ആരാണ് മലാല സത്യം പറയൂ അല്ലെങ്കിൽ എല്ലാവരെയും വെടിവെക്കും സത്യം പറയൂ അയാൾ അലറി പീടിച്ചു വിറച്ച കൂട്ടുകാരികൾ മലാലയെ കാട്ടികൊടുത്തില്ല .മലാലയാവട്ടെ സധൈര്യം അക്രമികളുടെ കണ്ണുകളിലേക്കുതന്നെ നോക്കികൊണ്ടിരുന്നു ആ ഒരു നിമിഷം മതിയായിരുന്നു അക്രമികൾക്ക് അവളെതിരിച്ചറിയാൻ പോയിന്റ് ബ്ലാങ്ക് റേഞ്ച് ഇൽ ഇരയെ കിട്ടിയ ആവേശത്തിൽ അയാൾ നിറയൊഴിച്ചു ഒരൊറ്റ വേദി അതവളുടെ തലയൊണ് കഴുത്തും തുളച്ചു

തോളിലേക്ക് തുറിച്ച കയറി ഒന്ന് നിലവിളിക്കാൻ പോലുമാവാതെ അവൾ മറിഞ്ഞു വീണു ........

വെടിയേറ്റമണിക്കൂറുകൾക്കകം അവൾ ആശുപത്രിയിലെത്തി എങ്കിലും തലച്ചോറിന് പറ്റിയ ക്ഷതം എങ്ങിനെ പരിഹരിക്കുമെന്ന കാര്യത്തിൽ ഡോക്ടർമാർ കുഴങ്ങി അപ്പോഴേക്കും അവൾക്ക് പല രാജ്യങ്ങളിൽ നിന്നും ചികിത്സാസഹായവും മറ്റും വാഗ്ദാനം ചെയ്തു . ബ്രിട്ടണിലെ ക്യൂൻ എലിസബത്ത് ബർമിങ്ഹാം ആശുപത്രിയിൽ ഒരു പെൺകുട്ടി മാസങ്ങളോളം ചികിത്സാവിദേയയായി .ആ കുഞ്ഞു ശരീരത്തിൽ അരഡസനോളം ശസ്ത്രക്രിയകൾ നടന്നു .ചിതറി പ്പോയ തലച്ചോറിന് പകരം ടൈറ്റാനിയം കൊണ്ട് നിർമിച്ച ക്രിത്രിമ തലച്ചോർ വെച്ചുപിടിപ്പിച്ചു .ചെവിയിലും താടിയിലും എല്ലാം സ്റ്റീൽ വെച്ചു .അങ്ങനെ പതിയെ അവൾ ജീവിതത്തിലേക്ക് കടന്നു വന്നു .ആ ദിവസങ്ങളിൽ ലോകം മുഴുവൻ അവൾക്കുവേണ്ടി പ്രാർത്ഥിക്കുകയായിരുന്നു.അവളെ തേടി ആശുപത്രിയിൽ കോടിക്കണക്കിനു ആശംസകളെത്തി. .അങ്ങനെ അവൾ ജീവിതത്തിലേക്ക് കടന്നുവന്നു .

2014 ഒക്ടോബർ 6 സമാധാനത്തിനുള്ള നോബൽ സമ്മാനം പ്രഖ്യാപിക്കുന്ന ദിവസം . മലാല അന്ന് കെമിസ്ട്രി ക്ളാസിൽ ഇരിക്കുകയായിരുന്നു. പ്രധാനാധ്യാപിക ക്ലാസ്സിൽ വന്നുകൊണ്ട് പറഞ്ഞു. "മലാല. ഇത്തവണത്തെ നോബൽ സമ്മാനം ലഭിച്ചിരിക്കുന്നത് നിനക്കാണ്. ഇന്ത്യയിൽ നിന്നുള്ള കൈലാസ

സത്യാർത്ഥി യുടെ കൂടെയാണ് നീ സമ്മാനം പങ്കിടുന്നത് ". അവൾ തന്റെ ദൈവത്തെ സ്തുതിച്ചു. അങ്ങനെ ആ പെൺകുട്ടി തൻറെ പതിനേഴാമത്തെ വയസ്സിൽ നോബൽ സമ്മാനത്തിന് അർഹയായി.നോബൽ സമ്മാനം ലഭിക്കുന്ന ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയായിരുന്നു മലാല.

ഒരു പേനക്കും ഒരു പുസ്തകത്തിനും ഒരു അധ്യാപികനും ഈ ലോകം മാറ്റിമറിക്കാനാകുമെന്ന് ലോകത്തോട് വിളിച്ചു പറഞ്ഞ പെൺകുട്ടി ഒരു വലിയ പ്രസംഗിക കൂടിയാണ് .വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം ലോകത്തോട് തുറന്ന് പറഞ്ഞ ആ പെൺകുട്ടി ഒരു വലിയ സാമൂഹിക പ്രവർത്തകയാണ് .പെൺകുട്ടികുട്ടികളുടെ വിദ്യാഭ്യാസത്തിനായി അവൾ മലാല ഫണ്ട് നിർമിച്ചു .ആത്മബലവും ധീരതയുമുള്ള നിലപാടുകളും മുതിർന്നവർക്ക് മാത്രം പറഞ്ഞിട്ടുള്ള കാര്യമല്ലെന്ന് തെളിച്ച മലാല യൂസഫ്സായുടെ കഥ ആധുനിക ലോകത്തിന് ഒരു മാതൃകയാണ്

ബ്രിട്ടനിലെ ബിർമിങ്ഹാമിൽ കുടുംബത്തോടൊപ്പം കഴിയുകയാണ് മലാല ഇപ്പോൾ .ലോക പ്രീശസ്തമായ ഓസ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ ബിരുദത്തിന് പഠിക്കുകയാണ് ഈ ഇരുപത്തിൻമൂന്ന്കാരി ഫിലോസഫി ,പൊളിറ്റിക്സ് ,ഇക്കണോമിക്സ് എന്നീ വിഷയങ്ങളാണ് മലാല ബിരുദം പഠിക്കുന്നത് .ഒരു മനുഷ്യന് അടിസ്ഥാനപരമായ കാര്യങ്ങളിൽ ഒന്നാണ് ഈ കാലത്ത് വിദ്യഭ്യാസം അജ്ഞതയുടെ അന്ധകാരത്തിൽ നിന്നും അറിവിന്റെ വെളിച്ചത്തിലേക്ക് വരൻ ഏതൊരു വ്യക്തിയും പ്രേരിപ്പിക്കുന്നതാണ് മലാലയുടെ ജീവിതം .മരണത്തെമുന്നിൽ കണ്ടുകൊണ്ടും വിദ്യാഭാസിത്തിനായി സധൈര്യം പോരാടിയ കൊച്ചു പെൺകുട്ടിയുടെ കഥ എല്ലാവർക്കും ഒരു വലിയ പാഠമാണ്

,പ്രചോദനമാണ് .വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം മനസിലാക്കുന്ന ഓരോ വിദ്യാർത്ഥിക്കും പറയാൻ കഴിയണം .ഞാനാണ് മലാലയെന്ന് .........ഞാൻ മലാലയെന്ന് .....................

റിൻസിയ

9 E



# യാത്രാനുഭവം




# സ്ക്രൂളിൽ നിന്നൊരു വിനോദയാത്ര

ഒരു ദിവസം സ്കൂളിൽ നിന്ന് ഒരു വിനോദയാത്ര പോയി. എറണാകുളത്തേക്കാനണ് പോയത് . ഹിൽ പാലസ്, മെട്രോട്രെയന്, സുബാഷ് പാർക്ക് എന്നിവടങ്ങളിൽ ആണ് പോയത്. ഹിൽ പാലസിൽ പോയി. അവിടത്തെ പണ്ടത്തെ രാജാവ് തമാശിച്ചിരുന്ന കൊട്ടാരമാണ് ഇത്. ഇവിടെ വെച്ചാണ് മണിച്ചിത്രത്താഴ് എന്ന സിനിമ ഷൂട്ട് ചെയ്യ്തത് എന്ന് ടീച്ചർ പറഞ്ഞു തന്നു. ഒരുപാട് ദൂരം നടന്നാണ് ഞങ്ങൾ കൊട്ടാരത്തിൽ എത്തിയത്. കുളക്കടവും കൊട്ടാരവും എല്ലാം ചുറ്റിനടന്നു കണ്ടു. വളരെ സന്തോഷം തോന്നി. അതിനു ശേഷമാണ് ഞങ്ങൾ മെട്രോ ട്രെയിനിൽ കയറിയത്. ആദ്യമായാണ് ഞാൻ ട്രെയിനിൽ യാത്ര ചെയ്യുന്നൊന്ത്. കൗതുകവും ഒപ്പം വളരെ സന്തോഷവും ഒരൽപം പേടിയും തോന്നി. ട്രൈനിൽ കാർട്ടൂൺ വെച്ചിട്ടുണ്ടായിരുന്നു. ട്രെയിൻ നിർത്തുമ്പോൾ വാതിലിന്റെ അടുത്ത് നിന്ന് മാറി നിൽക്കണമെന്ന് എഴുതി കാണിക്കുകയും ചെയ്യ്തു. ശേഷം ഞങ്ങൾ സുബാഷ് പാർക്കിലാണ് പോയത്. ഇവിടെ ഞങ്ങൾ മിക്കപ്പോഴും പോകാറുണ്ട്. എന്റെ കുടുംബത്തൊടൊപ്പം ഒരുപാട് സമയം അവിടെ ഞങ്ങൾ കളിക്കും. ഐസ്ക്രീം വാങ്ങിത്തരും. ഉച്ചഭക്ഷണം ഞങ്ങൾ വീട്ടിൽ നിന്ന് കൊണ്ടുപോകും എന്നിട്ട് അവിടെ ഇരുന്നു കഴിക്കും എന്നാലും ടീച്ചർമാരും കൂട്ടുകാരും കൂടിപോയപ്പോൾ അതൊരു വല്ലാത്ത അനുഭവം ആയിരുന്നു.

# തേയില തോട്ടത്തിൻ കുളിരണിഞ്ഞ്

അതൊരു സ്വപ്ന സദൃശ്യമായ യാത്രയായിരുന്നു.വീട്ടുകാരോടൊത്ത് ഒരു കൊച്ചു യാത്ര . മറക്കാനാവാത്ത നല്ല അനുഭവങ്ങൾ നേടി തന്ന ഒരു യാത്ര .പതിവ് തെറ്റിച്ചു കൊണ്ട് മൂന്നു മണിക്ക് ചാടി എണീറ്റു . അത്ഭു തമെന്നേ പറയാവൂ യാത്രയുടെ ചിന്തയിൽ ഉറക്കം അന്ന് എനിക്കൊരു തടസ്സമായിരുന്നു. യാത്രക്കായി തയ്യാറെടുക്കുമ്പോൾ എന്റെ മനസ്സ് അവിടെയെത്തിയിരുന്നു . ഒരുപാട് ദൂരെയൊന്നുമല്ല മൂന്നാറിലായിരുന്നു അത്. അതിനു മുമ്പൊരിക്കൽ ഞാൻ അവിടെ പോയിട്ടുണ്ട് . അന്ന് ഞാൻ രണ്ടാം ക്ലാസ്സിൽ പഠിക്കുന്നു . ഇരവികുളം ദേശീയോദ്യാനത്തിൽ വരയാടുകൾ കണ്ടത് ഞാൻ ഓർമിച്ചു . ഓടി ചാടി വണ്ടിയിൽ കയറിയപ്പോൾ എങ്ങിനെയെങ്കിലും അവിടെയെത്തിയാൽ മതിയെന്നായി എനിക്ക് . വണ്ടി പതിയെ നീങ്ങി തുടങ്ങി. എനിക്ക് പരിചിതമായ വഴികൾ താണ്ടി അത് യാത്ര തിരിക്കുകയാണ് . പലരെയും അപ്പോൾത്തന്നെ ഉറക്കം പിടികൂടിയിരുന്നു . പുറത്ത് നല്ല ഇരുട്ടുണ്ടായിരുന്നു . എന്നാലും കെട്ടിടങ്ങളിലെയും കടകളിലെയും തെരുവിലെയും പലനിറത്തിലുള്ള വെളിച്ചം റോഡിന് രാജവീഥിയുടെ പ്രൗഢിയേകി .ഞാൻ വിദൂരത്തേക്ക് നോക്കി നിന്നു .എത്ര നേരം അങ്ങനെ നിന്നു എന്ന് എനിക്ക് അറിയില്ല .ജനൽ ചില്ലിലൂടെ തണുത്ത കാറ്റ് എനിക്ക് കിട്ടി .അത് എനിക്ക് താരാട്ടു പാടി തരുന്നതായി തോന്നി .ഞാൻ ഒന്ന് മയങ്ങി .സൂര്യരശ്മികൾ മരച്ചില്ലകളിലൂടെ പാഞ്ഞ് വന്ന് എന്റെ കൺപീലികളിലൂടെ തറച്ചുകയറാൻ ശ്രമിക്കുന്നതായി തോന്നിയപ്പോഴാണ് ഞാൻ ഉണർന്നത് .അതി മനോഹരമായ

കാഴ്ചയായിരുന്നു അത് !!!എനിക്ക് ചുറ്റും പച്ചപുതച്ച വന്മലകൾ .സൂര്യനാളമേറ്റ് പുൽനാമ്പുകളിൽ പ്രകാശിക്കുന്ന മഞ്ഞുകണങ്ങൾ പോലെ അവ ഓരോന്നും വെട്ടി തിളങ്ങുന്നുണ്ടായിരുന്നു .വണ്ടി മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നു. തേയില തോട്ടം ഞാൻ കണ്ടു .മൂന്നാറിന്റെ മൂടൽ മഞ്ഞ് അവയിലേക്ക് വേണ്ടി കാഴ്ച പോയി .



ഭക്ഷണം കഴിക്കാൻ വണ്ടി ഒരിടത്ത് നിർത്തി .ഒരു വെള്ളച്ചാട്ടത്തിനരികിൽ ആയിരിന്നു അത് .മഞ്ഞ മൂടിയ അന്തരീക്ഷത്തിൽ തണുത്തുറച്ച വെള്ളത്തിൽ കാൽ നനച്ചപ്പോൾ ഏതോ ഒരു സുഖം അനുഭവപ്പെട്ടു .ഹരിതമോഹനമായ പ്രദേശം ............പാലരുവിപോലെ ഒരു ജലാശയം ചെറിയ പാറ ഇടുക്കിലൂടെ കൊച്ചു കൊച്ചു തുള്ളികൾ താഴേയ്ക്ക് വീഴുന്നുണ്ടായിരുന്നു .ഞങ്ങൾ വീണ്ടും വണ്ടിയിൽ കയറി .തേയിലത്തോട്ടങ്ങളുടെ ഇടയിലൂടെ മഞ്ഞുവീണ താഴ് വരയിലൂടെ ആ മൂടൽ മഞ്ഞിൽ ഞങ്ങൾ നീങ്ങി .പിന്നെ ഞങ്ങൾ ഒരു പാർക്കിൽ ഇറങ്ങി .ഒരു പൂക്കാലം കൺകളിൽ ആടുന്നതായി തൊന്നി .റോസാ പൂക്കളുടെ ഒരു തോട്ടമുണ്ടായിരുന്നു അവിടെ. വലുതും ചെറുതുമായ പല വർണ്ണത്തിലുള്ള റോസാ പുഷ്പങ്ങൾ . പനിനീരിന്റെ ഗന്ധം അവിടെ

ആകെ പരന്നിരുന്നു . വിടർന്നുനിൽക്കുന്ന ഡാലിയാ പുഷ്പങ്ങൾ കാറ്റിൽ ആടുന്നുണ്ടായിരുന്നു . സ്വർണ്ണനിറമുള്ള സൂര്യ കാന്തി പൂക്കൾ



സൂര്യനെയും നോക്കി പുഞ്ചിരിക്കുന്നുണ്ടായിരുന്നു സുഗന്ധം പരത്തുന്ന കാറ്റിൽ ഞങ്ങൾ ഒത്തു ചേർന്നു.പൂക്കൾക്കുചുറ്റും നിറഭേദങ്ങളുള്ള പൂമ്പാറ്റകളും മൂളി പാടുന്ന വണ്ടുകളും നിറഞ്ഞിരുന്നു .വർണമേളിതമായ ആ കാഴ്ചയിൽ ലയിച്ചിരിക്കേ ആർക്കും ഒരു പൂമ്പാറ്റയാകാനുള്ള മോഹം മനസ്സിൽ ഉദിച്ചിരിക്കും .വീണ്ടും വണ്ടിയിൽ കയറി വഴിമധ്യേ ഒരു പറയിടുക്കിൽ ഒരുപാട് കുരങ്ങുകളെ കണ്ടു .

അവ ഞങ്ങളെ ഉറ്റു നോക്കുന്നുണ്ടായിരുന്നു . ഉച്ചയായപ്പോൾ ആരുമില്ലാത്ത ഒരു താഴ്വരയിൽ ഒരു വണ്ടി നിർത്തി .അവിടെ മലകണക്കെ ഉയരമുള്ള യൂക്കാലിപ്റ്റസ് മരങ്ങൾ നിറഞ്ഞിരുന്നു .അതിനിടയിലൂടെ ഒരു കൊച്ചു കുട്ടിയേപ്പോലെ ഓടിക്കളിച്ചു .അതിലുപരി ഞാൻ ഒരു മലയിൽ കയറി .ഒരല്പം മാത്രം ! ഉച്ച ഭക്ഷണശേഷം ഞങ്ങൾ 'എക്കോലാൻഡിൽ 'പോയി .മരങ്ങൾ തിങ്ങി നിറഞ്ഞ ആ പ്രദേശത്തു എന്ത് പറഞ്ഞാലും പ്രതിധ്വനിക്കുമായിരുന്നു. അത് എനിക്ക് ഒരിക്കലും മറക്കാനാകാത്ത ഒന്നായിരുന്നു .കൂകി വിളിച്ചും ഒച്ച എടുത്തും ഒന്നുമറിയാത്ത കൊച്ചുകുട്ടിയെപോലെ ഞാൻ ആഹ്ലാദിച്ചു .പിന്നെയും

യാത്ര തിരിച്ചു .ഇരവികുളം ദേശിയോദ്യാനത്തിൽ പോകാൻ ശ്രമിച്ചെങ്കിലും അത് സാധിച്ചില്ല .അവിടുത്തെ കുറുമ്പൻ വരയാഡുകൾ എന്റെ ഉള്ളിൽ തെളിഞ്ഞു .പിന്നെ ഞാൻ തിരികെ യാത്ര തിരിച്ചു .വളരെ വൈകിയാണ് വീട്ടിലെത്തിയത്. വൃത്തിയായി റൂമിലേക്കു കയറിയപ്പോൾ ഒരു കാന്തമെന്നപോലെ കിടക്കെയെന്നതാകർഷിച്ചു .പെട്ടന്നതന്നെ ഞാൻ ഉറക്കത്തിന്റെ മടിയിലേക് കാൽതെറ്റി വീണു ............

റിൻസിയ

9 E

# വായനാനുഭവം





# തലമുറകളുടെ കുഞ്ഞുപെങ്ങൾ......

സ്നേഹബന്ധങ്ങളുടെ ആഴത്തിലേക്ക് കുഞ്ഞുമക്കളെ കൈപിടിച്ചാനയിച്ച മഹത്തായ രചന ,മനുഷ്യ മനസ്സ് സങ്കൽപ്പങ്ങളുടെ ഗജനാവാണ് എന്നത് ഊട്ടുയുറപ്പിക്കുന്നു. ആ മഹത്തായ രചനയുടെ മനോഹാരിതയ്ക്ക് മലയാളത്തിന്റ എന്നത്തെയും പ്രിയപ്പെട്ട നിത്യരഹിത സാഹിത്യകൻ മുട്ടത്ത് വർക്കിയുടെ ലളിതവും സുന്ദരവുമായ ആഖ്യാനശൈലി കൂടിയാകുമ്പോൾ മാറ്റേറുന്നു. സ്നേഹം കുടപിടിക്കുന്ന വായനുഭവം.കുട ഒരു പ്രതീകമാണ്. അത് മഴയത്ത് കൂടാരവും വെയിലത്ത് തണലുമാകുന്നു. മഴ നനഞ്ഞും വെയിൽ കൊണ്ടും

വരുന്നവർക്ക് ആശ്രയമരുളുന്ന ഒരു വീടുമാകുന്നു അത് .പക്ഷേ ഒരു കുട എത്രയഅത്യാവശ്യമായിരുന്നുവെന്ന് പഴയകാല ഓർമ്മകളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ പെട്ടെന്ന് മനസ്സിലാവും. കുടയെക്കുറിച്ചുള്ള ഓർമ്മകൾ ചെന്നെത്തുന്നതാവട്ടെ ആ മനോഹരമായ നോവലിലും. മമ്പട്ടത്തുവർക്കിയുടെ ഒരു കുടയും കുഞ്ഞുപെങ്ങളും...

മാതാപിതാക്കൻമാരില്ലാതെ അമ്മയുടെ സഹോദരിയോടൊപ്പം വളർന്ന ലില്ലി, ബേബി ,ഇവരെ ഇന്നും മലയാളികൾ മനസ്സിനുള്ളിൽ കോട്ടം തട്ടാതെ സൂക്ഷിക്കുന്നു, ഇത് ഒരു പക്ഷേ അത് ഓരോരുത്തരുടെയും ഉള്ളിലെ നന്മയുടെയും സ്നേഹത്തിന്റെയും നിഷ്ക്കളങ്കഭാവങ്ങളെ ഊതിയുണർത്തുന്ന കഥാപാത്രങ്ങളായതുകൊണ്ടാവാം. മറ്റുള്ളവരുടെ ഓർമ്മകളിലൂടെ സഞ്ചരിച്ച് ഒടുവിൽ ചെന്നെത്തുന്നത് അവരുടെ തന്നെ ജീവിതങ്ങളിലേക്ക് തന്നെയായിരിക്കാം എന്നതുമാകാം.

കുടയില്ലാത്ത കുട്ടിയും വാഴയിലകൊണ്ട് ശിരസ് മറച്ച് സ്കൂളിലേക്ക് ഓടിപ്പോകുന്ന, മഴനനയാതെ പുസ്തകം മാറോട്ചേർത്തുപിടിക്കുകയും ചെയ്തിരുന്ന ഒരു തലമുറയൊക്കെ...ഇവിടെയുണ്ടായിരുന്നുവെന്ന്...ഓർമകളിൽ നിന്ന് പൊടിതട്ടിയെടുക്കാൻ ചിലരെയങ്കിലും സഹായിച്ചിട്ടുമുണ്ടാകാം.1961 ൽ പുറത്തിറങ്ങിയ ഈ കൃതിയെ 2020 ൽ ഓർമ്മപുതുക്കുമ്പോൾ അത് നൽകുന്ന പുന:വായനയുടെ സാധ്യത എത്രയോ വ്യത്യസ്തമാണെന്നും അൽഭുതത്തോടെ ഓർത്തുപോകുന്നു.

കുടുംബസാഹചര്യങ്ങളാണ് കുട്ടികളെ സ്വന്തം വീടുപേക്ഷിച്ചുപോകാൻ പ്രേരിപ്പിക്കുന്നതെന്നതിനും ഈ നോവൽ സാക്ഷ്യം നൽകുന്നുണ്ട്

ചെറുപ്പത്തിൽ നമുക്ക് ലഭിക്കാതെ പോയ പലതുംപ്രായമാകുമ്പോൾ നമുക്ക് തിരികെ ലഭിക്കുന്നു എന്ന് നമ്മെ ഈ ചെറു സാഹിത്യം നമ്മോട് പറയാതെ

പറയുന്നു.ഒരു കുട കൈയിലുണ്ടാവട്ടെ നിന്റെ കൈയിൽ.. മറ്റുള്ളവർക്കു കൂടി ഇടം കൊടുക്കാൻ കഴിയുന്ന വലിയൊരു കുട ഓരോ കുടയും എത്രയോ മഴയേറ്റിട്ടുണ്ട്.. എത്രയോ വെയിൽ പൊള്ളിച്ചിട്ടുമുണ്ട്. എന്നിട്ടും കുടയ്ക്ക് .കുടയാവാതിരിക്കാനാവില്ല.. അതാണ് കുടയുടെ നിയോഗം....ഓരോകുടയാവുകനാം!!!

സിദ്റ ഹാരിസ്

9:A

# വായനാനുഭവം



പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യത്തിൽ ഓസ്ട്രേലിയയിലെ കുഗ്രാമത്തിൽ ജനിച്ച ഫ്രെഡിബെലിൻ അമേരിക്കയിലെ ലോസ് ആഞ്ചെലോസ് കാണാൻ ആഗ്രഹം .ആഗ്രഹമെന്നാൽ പറഞ്ഞാൽ പോരാ അതി തീവ്രമായ ആസക്തി .അന്ന് അമേരിക്കയിലേക്ക് പോകാൻ രണ്ട് മാർഗം കടൽമാർഗം, വായുമാർഗം ഇത് രണ്ടും ഏറെ ചെലവേറിയതാണ്. പാവപെട്ട ഫ്രഡിബെല്ലിൻ രണ്ടും താങ്ങാൻ കഴിയില്ല, അവൻ തീരുമാനത്തിൽ നിന്ന് പുറകോട്ടു പോയില്ല. ഫ്രഡി സിഡ്നിയിലെ പബ്ലിക്


ലൈബ്രറിയിൽ ഒരു മെമ്പർഷിപ്പെടുത്തു. ലൈബ്രറിയിൽ നിന്ന് യാത്ര വിവരണങ്ങളും, ഭൂമിശാസ്ത്രപരമായ പുസ്തകങ്ങളും, ഭൂപടത്തിന്റെയും സഹായത്തോടെ രൂപരേഖയുണ്ടാക്കി തന്റെ സമ്പത്തും, കടം വാങ്ങിയതുമായ 45 ഡോസറിൽ നിന്ന് ചെറുവഞ്ചി ; ഭക്ഷണസാമഗ്രികളും ; അത്യാവശ്യമാറ്റ വസ്തുക്കളുമായി കടലിലേക്കിറങ്ങി ആദ്യം ശാന്ത സുന്ദരമായിരുന്ന കടൽ പിന്നീട് ക്രൂരഭാവവും, കാറ്റും, കോളും നിറഞ്ഞപ്പോഴും തന്റെ ഉറച്ച തീരുമാനവും ആഗ്രഹം കൊണ്ട് മാത്രം 8000 നാഴിക സഞ്ചരിച്ച് അമേരിക്കയിലെ ലോസ് ആഞ്ചലസിൽ എത്തിച്ചേരുന്നു. പുസ്തകത്തിൽ നിന്ന് ആർജിച്ചെടുത്ത അറിവുകളുടെ മാത്രം പിൻബലത്തിൽ ചെറുവഞ്ചിയിൽ ഓസ്ട്രേലിയയിൽ നിന്ന് അമേരിക്ക എത്താൻ ഒരു വർഷവും ഒരു മാസവും സഞ്ചരിച്ച ഫ്രഡി.വളരെ ചെറിയ ജീവിത കാലഘട്ടത്തിനിടയിൽ നമുക്ക് സഞ്ചരിക്കാനാകുന്ന രാജ്യങ്ങളും നേരിട്ട് മനസിലാക്കാൻ സാധിക്കുന്ന സംസ്കാരങ്ങളും വളരെ പരിമിതമാണ്. എന്നാൽ പുസ്തകങ്ങളിലൂടെ പ്രത്യേകിച്ച് യാത്രാവിവരങ്ങണൾ, ആത്മകഥകളിലൂടെ ലോകത്തെ ചുറ്റി സഞ്ചരിക്കാൻ സാധിക്കും. MICHAEL PALM'S "NEW EUROPE","POLE TO POLE",BILLY BRYSON'S 'A AFRICAN DIARY",TONY HORWITZE'S "BLUE LATITUDE "തുടങ്ങി നിരവധി ലോക പ്രശസ്ത യാത്രാവിവരണങ്ങൾ വായിച്ചാൽ യാത്രാപ്രേരണ മാത്രമല്ല അറിവിന്റെ ചക്രവാളത്തിന്റെ വിസ്താരവും ബോധ്യപ്പെടും. മലയാളത്തിന്റെ എസ.കെ പൊറ്റക്കാടും (പാതിരാസൂര്യന്റെ നാട്ടിൽ), ജോസഫ് മുണ്ടശ്ശേരി (ഒറ്റ നോട്ടത്തിൽ) യു.എ ഖാദർ (കാഴ്ചപോലെ

ജീവിതം ) കെ. ആർ നാരായണൻ (ഞാൻ കണ്ട കാശ്മീർ ), നിത്യചൈതന്യതി (യാത്ര) യാത്രാവിവരങ്ങൾ മലയാളിയുടെ യാത്രക്ക് ഏറെ പ്രോത്സാഹിപ്പിച്ചതാണ്. വായനയിലൂടെ നമുക്ക് ലോകത്തിൽ ചുറ്റിസഞ്ചരിക്കാം.

-

**ആസിഫ് ഇബ്രാഹിം**

# Harry Potter and the philosophers stone




-J.K ROWLING


Harry Potter and the philosophers stone is the first book mind blowing, marvellous, magical series by J.K Rowling .The story starts in the $4^{th}$ privet drive ,where the protagonist of the story young Harry Potter lives with his cruel aunt,uncle and their spoilt child Dudley .They treat harry like a slave , they never like him. Harry was forced to sleep in the cupboard under the stairs.Strange things used to happen Harry. One day his aunt, Petunia cut off his untidy hair, but it growback into its original state the following day. Once he accidently set a python on his cousin Dudely at a zoo. One day ,an for the first time in his life a letter arrived for him adressed in green ink on yellowish parchment with a purple wax seal. But it was seized by grizzly aunt and uncle. Neither the letter stopped arrirving nor did Harry got a chance to read it. One day at midnight on july $31^{st}$ Harry’s birthday , a man called Rubeaus Hagrid burst into the dudely’s house to announce the news that Harry Potter is a wizard and he have a place at Hogwarts school of witchcraft and wizardry which run under the control of the famous head master Albus Dumbledore ,who also happened to be greatest wizard in

the wizarding world. Hagrid also tells him that his parents were murdered by the evil dark wizard. Voldemort and Harry are the only ones who have ever escaped from the killing curse. So he is famously known as the boy who lived . Harry gets his two best friends Ron Weasly and Hermoine Granger. As time goes on the trio develops and an unbreakable bond on friendship . At the end of the term, the trio has to face the dark lord Voldemort. In this story, Rowling bewitch the readers and takes them to the magical world of Harry Potter with her mind blowing language. Harry Potter not only tells a magical story but also the importance love and value of friendship.

Fathima Anaan

***VIII E***

# ലേഖനം


B. Why do introverts and extroverts react so differently to the same situation?
The answer has to do with some key differences in the way their brains are
wired. One major difference between the brains of introverts and extroverts is
related to their response to the neurotransmitter dopamine. Dopamine is a
chemical released in the brain that provides the motivation to seek external
rewards like earning money or attracting a mate. It creates a sensation of
pleasure as a reward for success in these endeavours. When dopamine floods
the brain, both introverts and extroverts become more talkative and motivated to
ലേഖനം
feel good when we turn inward. It powers our abilities to think deeply and focus
intensely on just one thing for a long period of time. It also helps explain why
introverts like calm environments; it's easier to turn inward when we're not
attending to external stimulation. When an introvert is lounging at home in quiet
solitude, lost in a book or watching Netflix, they are basking in the pleasant
effects of acetylcholine.

# ROBOTS



Robot is a machine that appears to think
and act for itself .The simplest type of robot is a mechanical toy ,or automatic,which has been programmed to perform a series of actions that usually have no real function .Some robots are remote controlled devices,guided at a distance by a human operator .The most complex robots have artificial intelligance -an ability to make decisions for themselves, solve problems ,and learn .

There are different types of robots;

.Humanoids robots
.Surgeon robots
.Animal robots

.Industrial robots
.Space traveller robots
.Helping robots
***.Military robots***

***MARY SHILNA***
***9 B***



# വായനയുടെപുതുരൂപം

**പുതിയൊരു പുസ്തകം തുറക്കുമ്പോൾ പുത്തൻ കടലാസിന്റെയും അച്ചടി മഷിയുടെയും മണം ആസ്വദിച്ചുകൊണ്ട്**

**വായന ആരംഭിച്ചവരായിരുന്നു നമ്മളിൽ പലരും ,എന്നാൽ ഇന്നതിന്റെ**

**ഗൃഹാതുരത കാലഹരണപ്പെട്ടുകഴിഞ്ഞു.അച്ചടിച്ച പുസ്തകതാളുകളിൽ നിന്ന് ഇന്ന് സാഹിത്യം കംമ്പ്യൂട്ടറിലേക്കും മൊബൈൽ ഫോണിലേക്കും**

**ക്ൻടിലിലേക്കും എല്ലാം വികസിച്ചിരിക്കുന്നു.ഇ-ബുക്ക് റീഡറുകളാണ്**

**വായനയുടെ പുതിയരൂപം .നൂറോളം പേജുകളടങ്ങുന്ന ആയിരത്തോളം**

**പുസ്തങ്ങൾ ഒരു ഇ-ബുക്ക് റീഡറിൽ സമാഹരിച്ച്**

**വയ്ക്കാവുന്നതാണ്.ലൈബ്രറിയിലിരുന്ന് മാത്രമല്ല സൗകര്യപ്പെടുമ്പോഴൊക്കെ**

**ഇവ നമുക്ക് ഉപയോഗപ്പെടുത്താവുന്നതാണ്.അക്ഷരങ്ങളുടെ വലിപ്പം നിറം തെളിച്ചം എന്നിവ ക്രമീകരിക്കാനാകും എന്നത്**

***മാത്രമല്ല പുസിതക വായനയുടെ അനുഭൂതി ലഭിക്കുന്നതരത്തിൽ പേജുകൾ മറിക്കാനും ഇത്തരം ഇ-ബുക്ക് റീഡറുകൾ***

***അവസരമൊരുക്കുന്നു.പോകുന്നിടത്തോക്കെ നമുക്ക് ഇ-പുസ്തക ശേകരം***

*കൊണ്ടുനടന്ന് വായിക്കാവുന്നതാണ്. പുസ്തകങ്ങളെക്കാൾ കുറഞ്ഞവിലയിൽ അവ ലഭ്യമാകും എന്നത് മാത്രമല്ല ഇതിന്റെ ഉപയോഗക്ഷമത കൊണ്ട് കൂടിയാണ് ഇത്തപം ഇബുക്ക് റഡറുകൾ വായനക്കാർക്ക് പ്രിയങ്കരമാകുന്നത്. മറ്റ് വിദേശരാജ്യങ്ങളിൽ അച്ചടിപുസ്തകങ്ങളെകാൾ പ്രചാരം ഇത്തരം ഇ- ബുക്ക് റീഡറുകൾക്ക് കൈവരാൻ കാരണമ്താണ്. നാളെ അമേരിക്കയും യൂറോപ്പും പോലെ ഇ- ബുക്ക് റീഡറുകൾ ഇവിടെയും പ്രചാരത്തിലാകുമെന്ന് നമുക്ക് പ്രത്യാശിക്കാം*

*സിദ്റ ഹാരിസ്*

# മയിൽ




നമ്മുടെ ദേശീയ പക്ഷിയാണ് മയിൽ. ജന്തുവിഭാഗത്തിൽ പക്ഷി ജാതിയിൽ പെടുന്ന കോഴികളുടെ കുടുംബത്തിൽപ്പെടുന്നവയാണ് മയിലുകൾ.പൊതുവെ മയിലെന്നു പറയുമ്പോൾ ആൺ മയിലുകൾക്ക് നീണ്ട വർണ്ണാഭമായ പീലികളുണ്ട്. ഇതാണ് വാലായി കാണുന്നത്. എന്നാൽ പെൺ മയിലിന് നീണ്ട പീലിയില്ല. പൊതുവെ ഇന്ത്യയിലും ആഫ്രിക്കയിലുമാണ് കണ്ടുവരുന്നത്. വളരെ ചെറിയ ദൂരം മാത്രമേ പറക്കാൻ
ഇവയ്ക്ക് കഴിയുകയുള്ളൂ.

ഹാദിയ ബീവി

**3 B**

# വാഴ



ഞാൻ വാഴ.എന്നെ പല സ്ഥലങ്ങളിൽ കാണാം. വാഴ കണ്ണ് മുളച്ചാണ് ഞാൻ ഉണ്ടായത്.എന്റെ ഇല പായ പോലെയാ. തടി ത്തൂൺ പോലെയും. എന്റെ വാഴപ്പഴം കുലയായി വരും.എന്ത് രുചിയാണെന്നൊ എന്റെ വാഴപ്പഴത്തിന്. എന്റെ വാഴപ്പഴം കൊണ്ട് നിറയേ സാധനങ്ങളുണ്ടാക്കാം. ജ്യൂസ്, ഐസ്ക്രീം, ഇവയെല്ലാം വാഴപ്പഴം കൊണ്ടാണ് ഉണ്ടാക്കുന്നത്.എന്റെ ഇല കൊണ്ട് നിറയെ കളിപ്പാട്ടങ്ങളുണ്ടാക്കാം. വാഴപ്പിണ്ടി കൊണ്ട് നിങ്ങൾക്ക് കറിയുണ്ടാക്കാം.

ഹാദിയ ബീവി .എ.ൻ.

**3 B**

# QUOTES



# QUOTES OF EDUCATION




Education is most powerful weapon which you can use to change the world

-Nelson Mandela

Education is an ornament in prosperity and refuge in adversity

-Aristotle

Education is not the learning of facts , but the training of minds to think

-Albert Einstein

By the education, I mean all round drawing of the best in the child and man in body , mind and spirit

-Mahatma Gandhi

The highest education in that which does not merely give an information but makes our life in harmony with all existence

-Rabindranath Tagore

Education is not only ladder of opportunity but it is also an investment in our future

-E.D Markey

Education is the manifestation of perfection present already in man. Divinity is manifestation of the religion already in man.

-Swami Vivekanadan

Education is not filing a pail but lighting of a fire

- Willam Butler Yeats

An investment in knowledge pays the best interest

-Benjamin Franklin

The roots of education are bitter, but the fruit is sweet

-Aristole

Education is the movement from darkness to light

-Allan Bloom

Education is our passport to the future, for tomorrow belongs to the people who prepare for it today.

- Malcolm X

Niya Fathima T. A
*9 E*

# QUIZ



# ഐ.ടി ക്വിസ്



1) വിവരവിനിമയ സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ കുതിച്ച് ചാട്ടത്തിന് കാരണമായത്

ജോൺ ബാർഡീൻ, വില്യം ചോക്ക് ലി, വാൾട്ടർ ബ്രാറ്റയിൻ എന്നീ മൂന്ന് ശാസ്ത്രജ്ഞന്മാരുടെ നോബൽ സമ്മാനാർഹമായ ഒരു

കണ്ടുപിടുത്തമാണ്...

ഇവർ കണ്ടുപിടിച്ച ഉപകരണമേത്?

ഉത്തരം : ട്രാൻസിസ്റ്റർ

2) ഇന്ത്യയിൽ ഏതു ദിന പത്രമാണ് 1995 ൽ ആദ്യമായി സ്വന്തം

വെബ്സൈറ്റ് ആരംഭിച്ചത് ?

ഉത്തരം : The Hindu

3) ബാങ്കിംങ് രംഗത്തെ ഒഴിവാക്കാനാവാത്ത പദമാണ് N E F T.

ഇതിന്റെ പൂർണ്ണ രൂപമേന്ത് ?

ഉത്തരം : National Electronic Funds Transfer

4) Business@ The speed of thought using a DIGITAL new row system.
ഈ പുസ്തകത്തിന്റെ രചയിതാവ് വിവര വിനിമയ സാങ്കേതിക

മേഖലയിലെ ഒരു പ്രശസ്തനായ വ്യക്തിയാണ്... ആരാണദ്ദേഹം ?

ഉത്തരം : Bill Gates ( founder of Microsoft )ഐ .ടി ക്വിസ്സ്

5 .) ഇന്റർനെറ്റിലേക്കുള്ള അപ്‌ലോഡ് ഡൗൺലോഡ് വേഗതയുമായി ബന്ധപ്പെട്ട് നാം ഉപയോഗിക്കുന്ന M .B .P .S എന്ന യൂണിറ്റിന്റെ പൂർണ്ണ രൂപമെന്ത് ?

ഉത്തരം :മെഗാ ബൈറ്റസ് പെർ സെക്കന്റ്

6 .) ഇൻഡ്യയിലെ പൊതുജനത്തിന് ലഭ്യമാകത്തക്കവിധം ആദ്യ ഇന്റർനെറ്റ് കണക്റ്റിവിറ്റി ലഭ്യമായത് ഏതു വർഷം ?

ഉത്തരം :1995

7 .) ജ്യാമിതീയ രൂപങ്ങൾ തയാറാക്കാനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ചെയ്യാനും സഹായിക്കുന്ന ഒരു സോഫ്റ്റ്‌വെയറിന്റെ പേരെന്ത് ?

ഉത്തരം :ജിയോജിബ്ര

8 .)2005 ജൂലൈ 28 ന് ഉദ്ഘാടനം ചെയ്ത കേരളത്തിലെ സർക്കാർ ഉടമസ്ഥതയിലുള്ള വിദ്യാഭ്യാസ ചാനലാണ് "വിക്ടേഴ്സ് ".ആരാണ് ഈ ചാനൽ ഉദ്ഘാടനം ചെയ്തത് ?

ഉത്തരം : ഡോ .എ .പി .ജെ അബ്ദുൽ കലാം

ഗൗരി ലക്ഷ്മി

9 ഇ

## INDIA QUIZ

India Quiz




- In which day the India got freedom?

  Ans:1947 August 15
- Which is our national animal?

  Ans:Royal Bengal Tiger
- Which is our national tree?

  Ans:Banyan tree
- Which is our national flower?

  Ans:Lotus



- Which is India’s first satellite?

  Ans:Aryabhatta
- Which is our national game?

  Ans:Hockey
- Which is our national anthem?

  Ans: Jana Gana




- Which is our national song?

  Ans:Vande Matharam
- Who wrote our national anthem?

Ans:Rabindranath Tagore

- Which is our national fish?

Ans:Ganga River Dolphin

- Which is our national river?

Ans: Ganga river

AMNA FATHIMA

IV C

# പഴമൊഴികൾ



# കൃഷി ചൊല്ലുകൾ

- കതിരിൽ വളം വെച്ചിട്ടുകാര്യമില്ല
- അടയ്ക്കയായാൽ മടിയിൽ വെക്കാം. അടയ്ക്കാമരമായാലോ?
- അടുത്തുനട്ടാൽ അഴക്
  അകലെനട്ടാൽ വിളവ്
- ആഴത്തിൽ ഉഴുത് അകലത്തിൽ
  വിതയ്ക്കുക
- ഇടവം തൊട്ട് തുലത്തോളം
  ഒടളാത്തിരങ്ങോല
- ഇല്ലം നിറ വല്ലം നിറ വെട്ടി നിറ
  പത്തായം നിറ



- ഉരിയറിക്കാരന് എന്തും ഉരിയാരിതന്നെ
- ഉഴവിൽ തന്നെ കളതീർക്കണം
- ഒക്കത്തു വിത്തുണ്ടെങ്കിൽ തക്കത്തിൽ കൃഷിയിറക്കാം
- എളിയവരും ഏത്തവാഴയും ചവിട്ടുന്തോറും എളിയവരും തഴയ്ക്കും
- എൾവിത്തു ഉഴവ് ഏഴരവാൽ

# പഴഞ്ചൊല്ല്

## *ആകെ മുങ്ങിയാൽ കുളിരില്ല*

(നാണം കെട്ടവന് പിന്നെന്ത് നാണകേട്?)

തണുപ്പ് കാലത്ത് ശരീരത്തിൽ തണുത്ത വെള്ളം തൊടേണ്ടി വരുമ്പോൾ വല്ലാത്ത കുളിര് അനുഭവപ്പെട്ടും.എന്നാൽ ശരീരം പൂർണമായും നനഞ്ഞു കഴിഞ്ഞാൽ പിന്നെ കുളിരുന്ന പ്രശ്നം തന്നെ ഇല്ലാതാകും. മറ്റുള്ളവരുടെ മുമ്പിൽ നാണം കെടാൻ അധികമാരും ആഗ്രഹിക്കുകയില്ല.എന്നാൽ നാണം കെട്ട ഒരുവന് പിന്നെ നാണകേടിന്റെ പ്രശ്നം തന്നെ ഉണ്ടാവുകയില്ലല്ലോ. കള്ളനെന്ന് പേര് കിട്ടിയവൻ പിന്നെ കക്കാൻ മടിക്കയില്ല.

അയിഷ ജന്നത്ത് .ഈ.എസ്.

4 C

# വരകൾ



വര........നാദിയ



വര ..... ആരതി.കെ.പി



Chief Editor:- Rinsiya.P.M

Editors:-Gouri Lakshmi.A.P
Sidra Harris

Behind the screen:- Mary Shilna
Anna Rose
Hafeez Mohammed
Blesswin Babu
Niya Fathima
Fahima.T.N
Rohith
Shravan
Pranav
Yedhukrishna
Abhinand
Husain
Aman.V.K

# നന്ദി......